# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61 | 24.6.2009 ൽ മറുപടിക്ക് |
|---|---|

## പകർച്ചവ്യാധികളെ സംബന്ധിച്ച് കേന്ദ്രസംഘം നടത്തിയ പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. എൻ.അനിരുദ്ധൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീമതി. ഇ.എസ്. ബിജിമോൾ :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി |
| എ) സംസ്ഥാനത്ത് പകർച്ചവ്യാധികളെ സംബന്ധിച്ച് കേന്ദ്രസംഘം പഠനം നടത്തിയിട്ടുണ്ടോ; | എ) ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിലെയും ആലപ്പുഴ മുനിസിപ്പൽ പ്രദേശങ്ങളിലെയും കോളറ ബാധിത പ്രദേശങ്ങൾ കേന്ദ്രസംഘം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സംഘം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സംഘത്തിന്റെ വിലയിരുത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടില്ല. |
| സി) ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നുണ്ടോ ? | സി) കൂടുതൽ കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ആരോഗ്യമന്ത്രിയെ കാണുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

K.S. Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.62 | 24-06-2009 ൽ മറുപടിയ്ക്ക് |
|---|---|

## ആശുപത്രികളുടെ നവീകരണത്തിനും കാര്യക്ഷമതയ്ക്കും പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് ക്ളിനിക്കുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ സർക്കാർ പരിഗണനയിലുണ്ടോ ; | (എ) | സംസ്ഥാനത്തെ താലൂക്ക്ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കി വരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ: | (ബി) | ദേശീയ പൊതുജനാരോഗ്യ മാനദണ്ഡമനുസരിച്ചുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 115 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ 60 എണ്ണത്തിന്റെ നവീകരണം പൂർത്തിയായി. 30 എണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. 45 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. അവശേഷിക്കുന്നവ ഉൾപ്പെടെ 2009 സെപ്റ്റംബറിൽ 115 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലേയും അടിസ്ഥാനസൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | വർധിക്കുകയാണ്. നവീകരണ പ്രവർത്തനം പൂർത്തി യാകുന്ന സി.എച്ച്.സികളിൽ ആശുപത്രികളിലേക്കാവശ്യമായ ഫർണ്ണിച്ചറുകളും ഉപകരണങ്ങളും നൽകിവരുന്നു. ഈ സി.എച്ച്.സി കളിൽ ആവശ്യമായ ഡോക്ടർ മാരെയും മറ്റ് ജീവനക്കാരെയും ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന നിയമിക്കും. 11 താലൂക്ക് ആശുപത്രികളുടെയും 11 പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും നവീകരണവും ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന നടപ്പാക്കി വരുന്നു.<br>സുനാമി പുനരധിവാസ പദ്ധതി പ്രകാരം 18 താലൂക്കാശുപത്രികളുടെയും 10 സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും 72 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ടിരിക്കുകയാണ്.<br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ആർ.എസ്.വി. വൈ ഫണ്ട്, ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട്, ആശുപത്രി വികസന സമിതികളുടെ ഫണ്ട് എന്നിവയും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള സ്റ്റാൻഡർഡൈസേഷന്റെ ഭാഗമായി 7 ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളായും ഒരു ആശുപത്രിയെ ജില്ലാ ആശുപത്രിയായും 22 ആശുപത്രികളെ താലൂക്ക് ആശുപത്രികളായും 115 പി.എച്ച്.സി.കളെ സി.എച്ച്.സി.കളായും 48 പി.എച്ച്.സി. |

| | | 3 | 4 |
|---|---|---|---|
| | | | കളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളായും ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>എൻ.എ.ബി.എച്ച്.അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് 18 ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ വികസന പ്രവർത്തനങ്ങളും നടന്നുവരികയാണ്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ അവരുടെ പ്ളാൻ ഫണ്ട് കൂടി ഉപയോഗിച്ച് മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു.<br>കൂടാതെ എൻ.ആർ.എച്ച്.എം.മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഉപാധിരഹിത ഫണ്ടായി 25,000/- രൂപ വീതവും വാർഷിക അറ്റകുറ്റപ്പണികൾക്കായി 50,000/ രൂപ വീതവും സി.എച്ച്.സി.കൾക്കും 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സികൾക്കും ഉപാധിരഹിത ഫണ്ടായി 50,000/- രൂപവീതവും വാർഷിക അറ്റകുറ്റപ്പണികൾക്കായി 1,00,000/- രൂപ വീതവും അനുവദിച്ചു. ആശുപത്രി മാനേജ്മെൻറ് കമ്മിറ്റികൾക്ക് സി.എച്ച്.സി.കൾക്കും പി.എച്ച്.സി.കൾക്കും 1,00,000/- രൂപ വീതവും താലൂക്കാശുപത്രികൾക്ക് 5,00,000/- രൂപ വീതവും വികസന ഫണ്ടായി നൽകുന്നു. സംസ്ഥാനത്തെ മുഴുവൻ സബ്സെൻററുകൾക്കും 10,000/- രൂപ വീതം ഉപാധിരഹിത ഫണ്ടും സ്വന്തമായി കെട്ടിടമുള്ള സബ്സെൻററുകൾക്ക് വാർഷിക അറ്റകുറ്റപ്പണികൾക്കായി 10,000/- രൂപവീതം ഗ്രാൻറും നൽകുന്നു. |

| | | | |
|---|---|---|---|
| | | | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തലവൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റികൾക്കാണ് ഈ ഫണ്ട് വിനിയോഗിക്കാനുള്ള പൂർണ്ണമായ അധികാരം. ആശുപത്രികളുടെ വികസനത്തിനനുയോജ്യമായ തരത്തിൽ അവർക്ക് യഥേഷ്ടം ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. |
| (സി) | സ്വകാര്യ ആശുപത്രികളോട് മത്സരിക്കാവുന്ന വിധത്തിൽ ഈ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | സർക്കാർ ആശുപത്രികളിലെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിച്ച് പാവപ്പെട്ട രോഗികൾക്ക് ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 63 — 24.06.2009 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.സി.രാജഗോപാലൻ ;<br>ശ്രീ.രാജു എബ്രഹാം ; | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ഏതെല്ലാം ഏജൻസികൾ പഠനം നടത്തിയിട്ടുണ്ട്; പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വ്യക്തമാക്കുമോ ; | എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ പരിഗണിച്ച് I.I.T. റൂർക്കി മുഖാന്തിരം ഭൂകമ്പ സാധ്യതാ പഠനവും, I.I.T ഡൽഹി Probable maximum flood പഠനവും നടത്തിയിട്ടുണ്ട്.<br>I.I.T. റൂർക്കി നടത്തിയ ഭൂകമ്പ സാധ്യതാ പഠനത്തിൽ മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നത് 'Seismic Zone III -ൽ ആണെന്നും അവിടെ ഭൂകമ്പസാധ്യത ഉണ്ടെന്നും കണ്ടെത്തി. ആയതിനാൽ 110 വർഷം പഴക്കമുള്ള 'Lime surki' യിൽ പണിത മുല്ലപ്പെരിയാർ ഡാം വലിയ ഭൂചലനത്തിന് വിധേയമാകുന്ന പക്ഷം തകരാൻ സാധ്യതയുള്ളതും തദ്വാരാ ജനങ്ങളുടെ ജീവനും സ്വത്തിനും അപകട സാധ്യതയുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നു.<br>I.I.T. ഡൽഹി നടത്തിയ Probable maximum flood (PMF) പഠനറിപ്പോർട്ട് പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ PMF 8248 cumecs (2.91 ലക്ഷം cusecs) ആണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം **'Hydrologically unsafe'** എന്നാണ് I.I.T. ഡൽഹി വിലയിരുത്തിയിട്ടുള്ളത്.<br>ഈ വിലയിരുത്തലുകൾ ഉൾക്കൊള്ളുന്ന രണ്ട് പഠന റിപ്പോർട്ടുകളും സുപ്രീം കോടതിയിൽ നിലവിലുള്ള മുല്ലപ്പെരിയാർ ഡാം കേസിൽ additional documents ആയി ഫയൽ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാന സർക്കാരിന്റെ ഡാം സുരക്ഷാ അതോറിറ്റി മുല്ല പ്പെരിയാറിന്റെ സുരക്ഷ സംബ ന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശ | ബി) | ഇല്ല |
| സി) | ഡാമിന്റെ [illegible] നിരവധി സ്ഥലങ്ങളിൽ സിമന്റ് പ്ലാസ്റ്ററിംഗ് ഇളകി മാറി ഉണ്ടായിട്ടുള്ള വിടവുകൾ ഡാമിലെ ജലനിരപ്പ് താണപ്പോൾ ദൃശ്യ മായതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | | ആഭ്യന്തരവകുപ്പിൽ നിന്നും ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഡാമിൽ ഉണ്ടായിട്ടുള്ള വിടവു കൾ പരിശോധിക്കുന്നതിനായി ശ്രീമതി.ലതിക, ചീഫ് എൻജിനീയർ (ഐ&എ), ശ്രീ.പരമേശ്വരൻ നായർ, മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ, ശ്രീ.ശശിധരൻ, ചീഫ് എൻജിനീയർ, (റിട്ട) കെ.എസ്.ഇ.ബി. എന്നിവരടങ്ങിയ വിദഗ്ധസമിതി രൂപീകരി ക്കുകയും ടി സമിതി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പി ക്കുകയും ചെയ്തിട്ടുണ്ട്.<br>ഡാമിന്റെ ഉൾഭിത്തിയിലെ നിരവധി സ്ഥലങ്ങളിൽ സിമന്റ് പ്ലാസ്റ്ററിംഗ് ഇളകിയത് മൂലവും ജോയിന്റിൽ കൂടിയുള്ള മോർട്ടാ റിന്റെ നഷ്ടവും നിമിത്തം ജലനിരപ്പ് ഉയരുന്നതനുസരിച്ച് കൂടുതൽ ചോർച്ച ഉണ്ടാകുന്നതുകൊണ്ട് ഡാം അതീവ ഗുരുതരമായ അപകടാവസ്ഥയിൽ ആണെന്ന് വിദഗ്ധ സമിതിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ബഹു.കേരള മുഖ്യമന്ത്രി പ്രസ്തുതവിവരം ടി റിപ്പോർട്ടിന്റെ പകർപ്പ് സഹിതം തമിഴ്നാട് മുഖ്യമന്ത്രിയുടെയും, പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ഡാമിന്റെ സുരക്ഷ സംശയ കരമായ സാഹചര്യത്തിൽ പുതിയ അണക്കെട്ട് നിർമ്മിക്കു ന്നതിന് കേന്ദ്രസർക്കാരിന്റെ ഇടപെടലിന് ശക്തമായ സമ്മർദ്ദം ചെലുത്തുമോ ? | ഡി) | സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 64 — 24-06-2009-ൽ മറുപടിയ്ക്ക്

## 2010-ലെ ദേശീയ ഗെയിംസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എം.മോനായി:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.പി.ടി.എ. റഹീം: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>2010-ലെ ദേശീയ ഗെയിംസ് സംസ്ഥാനത്തുവച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ)<br>2010-ലെ ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി 24-11-2008-ലെ സ.ഉ.(എം.എസ്) 189/08/പൊ.വി. ഉത്തരവു പ്രകാരം "നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്" സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ വിവിധ മേഖലകളിൽ പ്രാവണ്യം ഉള്ളവരെ ഉൾപ്പെടുത്തി ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധ വേദികളിൽ ഗെയിംസിനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനു പുറമെ നിലവിലുള്ള സ്റ്റേഡിയങ്ങളും അടിസ്ഥാന സൗകര്യങ്ങളും പുനരുദ്ധരിക്കേണ്ടതുണ്ട്. ഇതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെൻഡർ വിളിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി)<br>ഗെയിംസ് നടത്തുന്നതിനായി പുതുതായി എവിടെയെല്ലാം സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്; ഏതെല്ലാം സ്റ്റേഡിയങ്ങൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നു; അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ് മെച്ചപ്പെടുത്തുന്നത്; വ്യക്തമാക്കാമോ ; | (ബി)<br>നാഷണൽ ഗെയിംസ് നടത്തുന്നതിനായി സംസ്ഥാനത്തെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ വിവിധ സായി കേന്ദ്രങ്ങളും പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതോടൊപ്പം സ്റ്റേഡിയങ്ങളിലേക്കുള്ള റോഡുകളും പുനർ നിർമ്മിക്കുന്നതാണ്. അനുബന്ധമായി ആവശ്യമുള്ള ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങുന്നതിന് ഉദ്ദേശിക്കുന്നു. |

(സി)
ഗെയിംസിന്റെ നടത്തിപ്പിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിൽ എത്ര കോടിരൂപ കേന്ദ്ര സർക്കാർ അനുവദിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി)
35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 530.36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 220 കോടി രൂപ കേന്ദ്രസർക്കാർ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതു കൂടാതെ കേരളത്തിലെ വിവിധ സായി കേന്ദ്രങ്ങൾ സായിയുടെ സഹായത്തോടു കൂടി പുനരുദ്ധരിക്കുന്നതാണ്.

(ഡി)
ദേശീയ ഗെയിംസിൽ കേരളത്തിന്റെ പ്രകടനം മികച്ചതാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ഡി)
ദേശീയ ഗെയിംസ് മത്സര ഇനങ്ങളിലേയ്ക്കുള്ള കേരള ടീം അംഗങ്ങളെ അടിയന്തിരമായി തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകുന്നതാണ്. ഇതിനായി ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ദേശീയ ഗെയിംസിന് മുന്നോടിയായി കേരള ഗെയിംസ് സംഘടിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 65

24.06.2009 -ൽ മറുപടിക്ക്

പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.കെ.പ്രേംനാഥ്<br>" എം.വി.ശ്രേയാംസ് കുമാർ<br>" കെ.പി.മോഹനൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന കേന്ദ്രസംഘത്തിന്റെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്) വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (എ)സംസ്ഥാനത്ത് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമാണെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് വിലയിരുത്തിയിട്ടില്ല. |
| (ബി) പകർച്ചവ്യാധി നിയന്ത്രിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് അടിയന്തിരമായി നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ? | (ബി) പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം നടത്തിവരുന്നത്. ഈ പ്രവർത്തനങ്ങളുടെ ഫലമായി കഴിഞ്ഞ പത്ത് വർഷത്തെ അപേക്ഷിച്ച് കുറഞ്ഞതോതിലാണ് ഈ വർഷം പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ മന്ത്രിയും സംസ്ഥാനതല ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് 13 ജില്ലകളിലും ആരോഗ്യ ജാഗ്രതാ പരിപാടി സംഘടിപ്പിച്ചു. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുവേണ്ടി ജില്ല/ബ്ലോക്ക്/ഗ്രാമ/മുനിസിപ്പൽ വാർഡ്തലം വരെ വിപുലമായ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും വാർഡ്തല ഹെൽത്ത് & സാനിറ്റേഷൻ കമ്മിറ്റികൾക്ക് 10,000/- രൂപ വീതം നൽകി. ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർമാർ, മറ്റ് ആരോഗ്യ സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ വീടുവീടാന്തരം കയറിയിറങ്ങി |

ബോധവത്ക്കരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ ജില്ലയിലും 15 മുതൽ 25 വരെ ഹെൽത്ത് ഇൻസ്പെക്ടർമാരെ തസ്തികയ്ക്കുപുറമേ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. കുടിവെള്ള സ്രോതസ്സുകൾ ശുചീകരിക്കുന്നതിന് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ക്ലോറിനേഷൻ പ്രവർത്തനങ്ങളും കൊതുകുകളുടെ ഉറവിടനശീകരണവും ഫോഗിംഗ്, സ്പ്രേയിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു. കിടത്തിചികിത്സാ സംവിധാനമുള്ള ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ഫീവർ വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. പനിയുമായി വരുന്ന രോഗികളെ പ്രത്യേകമായി പരിചരിക്കുവാനും നിരീക്ഷിക്കുവാനും ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി. പനിബാധിത പ്രദേശങ്ങളിൽ അലോപ്പതി, ഹോമിയോ, ആയുർവേദ വിഭാഗങ്ങളുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിൽ കോളറ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോഴും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് മലേറിയ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോഴും ആരോഗ്യവകുപ്പ് ശക്തമായി ഇടപെടുകയും പ്രതിരോധ-ചികിത്സാ നടപടികൾ സ്വീകരിക്കുകയും ചെയ്തതിനാൽ ഇവ പൂർണ്ണമായും നിയന്ത്രിക്കാനായിട്ടുണ്ട്.

K.S. Sudha
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 66      24.06.09ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**
ശ്രീ.ജോസഫ്.എം.പുതുശ്ശേരി
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.തോമസ് ചാഴികാടൻ

**മറുപടി**
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിഴിഞ്ഞം തുറമുഖ പദ്ധതി ഏതുഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ; | എ) | വിഴിഞ്ഞം കരാർ ലാൻകോ കൊണ്ടപ്പള്ളിക്ക് നൽകിയതിനെതിരെ സൂം ഡെവലപ്പേഴ്സ് നൽകിയ കേസിൽ ഹൈക്കോടതി, സുപ്രീം കോടതി എന്നിവയുടെ ഉത്തരവ് പരിഗണിച്ച് സൂം ഡെവലപ്പേഴ്സിൻെറ സാങ്കേതിക ബിഡ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ബിഡ് ഇവാലുവേഷൻ കമ്മിറ്റി പരിശോധിച്ച് സൂം ഡെവലപ്പേഴ്സ് സമർപ്പിച്ച ടെക്നിക്കൽ ബിഡ് പരിഗണനാർഹമല്ലെന്ന് കണ്ടെത്തുകയും പ്രസ്തുത റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. അതിനെതിരെ സുപ്രീം കോടതിയിൽ സൂം ഡെവലപ്പേഴ്സ് സമർപ്പിച്ച പരാതി അപ്രോപ്രിയേറ്റ് ഫോറത്തിൻെറ പരിഗണനയ്ക്ക് സമർപ്പിക്കാൻ സൂം ഡെവലപ്പേഴ്സിനോട് ആവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതി വിധി പ്രസ്താവിച്ചു. ഈ വിധിയുടെ അടിസ്ഥാനത്തിൽ സൂമിൻെറ ടെക്നിക്കൽ ബിഡ് ടെക്നിക്കൽ കൺസൾട്ടൻറായ എൽ & റ്റി റാംബോൾ പ്രൊജക്ട് കൺസൾട്ടൻറായ IL&FS IDC എന്നിവരുടെ നേതൃത്വത്തിൽ വിശദമായി പരിശോധിച്ച് നൽകിയ ഉപദേശം വിഴിഞ്ഞം തുറമുഖത്തിൻെറ ബിഡ് ഇവാലുവേഷൻ കമ്മിറ്റി പരിശോധിച്ച് പരിഗണനാർഹമല്ല എന്ന് കണ്ടെത്തിയിരിക്കുകയാണ്. ബിഡ് ഇവാലുവേഷൻ കമ്മിറ്റിയുടെ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.<br><br>വിഴിഞ്ഞം തുറമുഖ പദ്ധതി കാലവിളംബം കൂടാതെ യാഥാർത്ഥ്യമാക്കുക എന്നതാണ് സർക്കാരിൻെറ പ്രഖ്യാപിത ലക്ഷ്യം. അതിനുള്ള എല്ലാ മാർഗ്ഗങ്ങളും സർക്കാർ ആരായും. ഇതിന് കേരളത്തിലെ പ്രതിപക്ഷത്തിൻെറയും എല്ലാ വിഭാഗം ആളുകളുടേയും പിന്തുണ സർക്കാർ അഭ്യർത്ഥിക്കുന്നു. |

| | | | |
|---|---|---|---|
| ബി | ഇതിനായി എത്ര സ്ഥലം അക്വയർ ചെയ്തു വെന്നും ഇനിയും ഇക്കാര്യത്തിനായി സ്ഥലം അക്വയർ ചെയ്യേണ്ടതുണ്ടോ യെന്നും ഉണ്ടെങ്കിൽ എത്രയെന്നും വ്യക്ത മാക്കാമോ; | ബി | ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ല. വിഴിഞ്ഞം പദ്ധതിയ്ക്കാവശ്യമായ റോഡ്, റെയിൽവേ, കണ്ടെയിനർ യാർഡ്, ബാക്കപ്പ് ഏരിയ തുടങ്ങിയ ആവശ്യങ്ങൾ ക്കായി 120 ഹെക്ടർ സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി | ഇക്കാര്യത്തിനായി എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിച്ചു; അവരിൽ എത്ര പേരെ പുനരധിവസി പ്പിച്ചു; ഇനിയുള്ളവരെ എത്ര ദിവസത്തിനകം പുനരധിവസിപ്പിക്കു വാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | സി | ഇതുവരെ ആരെയും കുടിയൊഴിപ്പിച്ചിട്ടില്ല. |
| ഡി | പ്രസ്തുത പദ്ധതി നിർ മ്മാണം പൂർത്തിയാക്കി എന്നുമുതൽ പ്രവർ ത്തനം തുടങ്ങുവാ നാണ് ലക്ഷ്യമിടുന്ന തെന്ന് വ്യക്തമാക്കാ മോ? | ഡി | ഇപ്പോൾ നടന്നു വരുന്ന ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് തുറമുഖ വികസനത്തിനുള്ള സ്വകാര്യ ഡവലപ്പറെ തെരഞ്ഞെടുത്ത് അവരുമായി സർക്കാർ കരാറിലേർപ്പെട്ടതിനുശേഷം നാലു വർഷത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവർത്തനം തുടങ്ങുവാ നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 24.06.2009 ൽ മറുപടിയ്ക്ക്

ചോദ്യം നം.: 67

## ഭാരതപ്പുഴയിലെ ജലസേചന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അച്യുതൻ :<br>ശ്രീ.ടി.എൻ.പ്രതാപൻ :<br>ശ്രീ.എ.പി.അനിൽകുമാർ : | | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) നിളാ നദിയിലൂടനീളം വർഷം മുഴുവൻ വെള്ളം ഒഴുകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | എ) | ഒഴുകുന്നില്ല. |
| ബി) ഇല്ലെങ്കിൽ എന്ത്കൊണ്ടെന്ന് വിശദമാക്കുമോ ; | ബി) | കാലാവസ്ഥയിലെ വ്യതിയാനവും മണൽ വാരലും കാരണങ്ങളാണ്. |
| സി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് ഭാരതപ്പുഴയ്ക്ക് വെള്ളം ലഭിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ ;<br><br>ഡി) എങ്കിൽ എത്ര ജലം കിട്ടണം ; ഇത് കൃത്യമായി കിട്ടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | സി) & ഡി) | ഉണ്ട്. കേരളത്തിലെ ചിറ്റൂർപുഴയ്ക്ക് പ്രതിവർഷം 7.25 Tmcft ജലം, കേരളത്തിന്റെ അതിർത്തിക്കടുത്തുള്ള മണക്കടവ് വിയറിൽ അളന്ന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, പെരിവാരിപ്പള്ളം, തുണക്കടവ് ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16.5 Tmcft -യിൽ അധികമായി വരുന്ന ആദ്യത്തെ 2.5 Tmcft ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, അതിനുശേഷം വരുന്ന ജലം ചാലക്കുടി പുഴയിലേക്ക് വിടേണ്ടതാണ്. 1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരമുള്ള മണക്കടവിലെ ജലവിഹിതമായ 7.25 Tmcft ജലം സാധാരണയായി മിക്കവാറും എല്ലാ വർഷങ്ങളിലും ലഭിച്ചുവരുന്നുണ്ട്. പറമ്പിക്കുളം ഗ്രൂപ്പിന്റെയും, ലോവർ നീരാർ ഡാമിന്റെയും, അധിക ജലലഭ്യതയായ 2.5 Tmcft ജലം ഉണ്ടായിട്ടുള്ള അപൂർവം ചില വർഷങ്ങളിൽ കേരളത്തിന്, ഇത് അടുത്ത വർഷങ്ങളിലായി ലഭിച്ചിട്ടുണ്ട്. എന്നാൽ 2007-08 വർഷത്തിൽ 16.5 Tmcft അധികം വന്ന ജലം അടുത്തവർഷത്തിൽ കേരളത്തിന് തരുന്നത് സംബന്ധിച്ച് തമിഴ്നാടുമായി തർക്കമുണ്ടായിട്ടുണ്ട്. ഈ വിഷയം ഇരു സംസ്ഥാനങ്ങളുടെയും സർക്കാരുകളുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| ഇ) | ഭാരതപ്പുഴയിൽ എത്ര ജലസേചന പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ ; | ഇ) | ഭാരതപ്പുഴയിലും പോഷക നദികളിലുമായി 10 പദ്ധതികളുണ്ട്. ഇതിൽ ഒരു പദ്ധതിയുടെ പണി ആരംഭിച്ചിട്ടില്ല. |
| എഫ്) | ഭാരതപ്പുഴയിലെ ജലമില്ലായ്മ മൂലം ഈ പദ്ധതികൾക്ക് എന്തെങ്കിലും ഭീഷണി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ? | എഫ്) | ജല ദൗർലഭ്യം മൂലം മഴക്കുറവുള്ള പ്രദേശങ്ങളിൽ ചില പദ്ധതി പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 68 24.06.2009 ൽ മറുപടിക്ക്

## *കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി*

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ഷാജു | | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| എ | *ജപ്പാൻ കുടിവെള്ള പദ്ധതി പോലെ, സംസ്ഥാനത്തെ മുഴുവൻ പ്രദേശത്തേയും* കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സമയ ബന്ധിതമായി ഒരു ബൃഹത് പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | എ സംസ്ഥാനത്തു ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാകുന്നതോടെ *സംസ്ഥാനത്തെ* കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്. |
| ബി | ഇപ്പോൾവിതരണം ചെയ്യുന്ന കുടിവെള്ളം മാലിന്യ മുക്തമാക്കി കൃത്യമായി വിതരണം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | ബി കേരള ജല അതോറിററി വിതരണം ചെയ്യുന്ന ശുദ്ധജലത്തിൻെറ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനായി എല്ലാ ശുദ്ധീകരണശാലയോടനുബന്ധിച്ചും ഗുണനില വാര പരിശോധനാലാബുകൾ പ്രവർത്തിച്ചു വരുന്നുണ്ട് . കൂടാതെ , കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ ലാബുകളും അവയുടെ മേൽ നോട്ടത്തിനായി ആറ് ക്വാളിററി കൺട്രോൾ സബ് ഡിവിഷൻ ആഫീസുകളും പ്രവർത്തിച്ചു വരുന്നു. കേരള ജല അതോറിററിയുടെ കീഴിലുള്ള കുടിവെള്ള ശുദ്ധീകരണ ശാലകളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിൻെറ ഗുണനിലവാരം ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ലാബുകളിൽ ദിനംപ്രതി പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്താറുണ്ട്. കൂടാതെ എല്ലാ ശുദ്ധജല വിതരണ പദ്ധതികളിൽ നിന്നും ഉത്പാദനത്തിൻെറയും വിതരണത്തിൻെറയും വിവിധ ഘട്ടങ്ങളിൽ |

സാമ്പിളുകൾ ശേഖരിച്ച് കേരള ജല അതോറിററിയുടെ ലാബുകളിൽ വിവിധ പരിശോധനകൾക്ക് (ഭൗതികം, രാസികം, ജൈവികം) വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ ജല അതോറിററി വിതരണം ചെയ്യുന്ന ശുദ്ധജലത്തിൻെറ ഗുണനിലവാര പരിശോധന മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി എറണാകുളം ജില്ലയിലെ മരടിൽ സ്റ്റേററ് റഫറൽ ഇൻസ്റ്റിററ്യൂട്ട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 69** — **24-06-2009-ൽ മറുപടിക്ക്**

### സംസ്ഥാന സ്പോർട്സ് കമ്മീഷൻ

**ചോദ്യം**

**ശ്രീ.വി.എസ്.സുനിൽ കുമാർ:**
**ശ്രീ.എൻ.രാജൻ:**
**ശ്രീ.കെ.അജിത്:**
**ശ്രീ.രാജാജി മാത്യു തോമസ്:**
**ശ്രീ.പി.തിലോത്തമൻ:**

**ഉത്തരം**

**ശ്രീ.എം.വിജയകുമാർ**
**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ)
സംസ്ഥാന സ്പോർട്സ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ, എങ്കിൽ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് എന്നും ഈ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(എ)
06-08-2009-ൽ സ്പോർട്സ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചു. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി)
എല്ലാവർക്കും സ്പോർട്സ് എന്ന ലക്ഷ്യത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി)
കേരളത്തിലെ എല്ലാ സർക്കാർ സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ ശാരീരിക നിലവാരം തിട്ടപ്പെടുത്തുന്നതിനും ഉയർത്തുന്നതിനുമായി 2008-2009 അദ്ധ്യയന വർഷം എല്ലാ സ്കൂളുകളിലും ആരംഭിച്ച "സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി" നടപ്പു വർഷവും (2009 - 2010) വിജയകരമായി തുടർന്നു വരുന്നു. കൂടാതെ ഗ്രാമീണ മേഖലയിലെ കായിക പുരോഗതി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയായ "പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ" മുഖേന തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ കായിക രംഗം പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി 100 ഗ്രാമപഞ്ചായത്തുകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി)
സ്പോർട്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

(സി)
ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70 — 24.06.2009—ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>,, സി.പി. മുഹമ്മദ്<br>,, അടൂർ പ്രകാശ് | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലനിധി പദ്ധതിയനുസരിച്ചുള്ള ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് ലോകബാങ്ക് പുതിയതായി എത്ര കോടി രൂപാ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) എന്തെല്ലാം വ്യവസ്ഥയനുസരിച്ചാണ് ഈ തുക അനുവദിച്ചിട്ടുള്ളത്;<br>(സി) എത്ര പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഈ തുക അനുവദിച്ചിട്ടുള്ളത്;<br>(ഡി) ഈ തുക വിനിയോഗിച്ചുള്ള പദ്ധതികൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ? | (എ) (ബി) (സി)& (ഡി) 'ജലനിധി' പദ്ധതിയനുസരിച്ചുള്ള ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിന് ലോകബാങ്ക് പുതിയ പദ്ധതി അനുവദിച്ചിട്ടില്ല. എന്നാൽ 6 വർഷം കൊണ്ട് 400 പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി 1200 കോടി ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഇപ്പോൾ ലോകബാങ്കിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71 — 24-6-2009 ൽ മറുപടിക്ക്

# രക്തബാങ്കുകളിൽ നിന്നും നൽകുന്ന രക്തത്തിന്റെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. യൂസഫ് :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. വി. എൻ. വാസവൻ :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. സാജു പോൾ : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) രക്തബാങ്കുകളിൽ നിന്നും നൽകുന്ന രക്തത്തിന്റെ ചാർജ്ജ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) രക്തത്തിന്റെയും രക്ത ഘടകങ്ങളുടെയും സേവന നിരക്കുകൾ (service charges) നിജപ്പെടുത്തിക്കൊണ്ടുള്ള നാഷണൽ ബ്ലഡ്ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ 2007 നവംബർ 7-ാം തീയതിയിലെ 18-ാമത് ഗവേണിംഗ് ബോഡി യോഗ തീരുമാനം, 23-1-2008 ലെ S. 12015/30/2002 - NACO(BS) നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വഴി കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിനെ അറിയിക്കുകയുണ്ടായി. നാഷണൽ ബ്ലഡ്ട്രാൻസ്ഫ്യൂഷൻ കൗൺസിൽ നിജപ്പെടുത്തിയ രക്തത്തിന്റെയും രക്തഘടകങ്ങളുടെയും സേവന നിരക്കുകൾ താഴെ പറയും പ്രകാരമാണ്.<br><br>1. പാക്ക്ഡ് റെഡ് സെൽസ് / ഹോൾ ബ്ലഡ് - യൂണിറ്റിന് 850 രൂപ<br>2. ഫ്രെഷ് ഫ്രോസൺ പ്ലാസ്മാ - യൂണിറ്റിന് 400 രൂപ<br>3. പ്ലേറ്റ്ലെറ്റ് കോൺസെൻട്രേറ്റ് - യൂണിറ്റിന് 400 രൂപ<br>4. ക്രയോപ്രെസിപ്പിറ്റേറ്റ് - യൂണിറ്റിന് 200 രൂപ |
| ബി) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിൽ രക്തത്തിന്റെ വില വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) 2008 ഒക്ടോബർ 22-ാം തീയതി ചേർന്ന കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ ഭരണ സമിതി യോഗം, നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ നിർദ്ദേശം അംഗീകരിക്കുകയും അതുപ്രകാരമുള്ള സേവന നിരക്കുകൾ |

...2

ഈടാക്കുവാനുള്ള നിർദ്ദേശം എല്ലാ രക്ത ബാങ്കുകൾക്കും 2009 ഫെബ്രുവരി 12-ാം തീയതി നൽകുകയുമുണ്ടായി. എന്നാൽ വർദ്ധിപ്പിച്ച സേവന നിരക്കുകൾ 6-6-2009-ൽ പിൻവലിക്കുകയുണ്ടായി.

| | |
|---|---|
| സി) സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും രക്തത്തിന്റെ വില ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) രക്തം, ഡ്രഗ് ആന്റ് കോസ്മെറ്റിക് ആക്റ്റ് 1940 പ്രകാരം ഒരു ഡ്രഗ് ആയി പരിഗണിച്ചിട്ടുണ്ടെങ്കിലും 1995-ലെ Drug price control ഉത്തരവ് രക്തത്തിനു ബാധകമല്ലാത്തതിനാൽ രക്തത്തിന്റെ വില ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയില്ല. |
| ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തബാങ്ക് മോഡൽ രക്തബാങ്കായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നത് ; | ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് രക്തബാങ്ക് മോഡൽ രക്തബാങ്കായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി NACO ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. മോഡൽ ബ്ലഡ് ബാങ്കായി ഉയർത്തുന്നതിന്റെ ഭാഗമായി ബ്ലഡ് ബാങ്ക് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഉപകരണങ്ങൾ സംഭരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ഇ) എല്ലാ സർക്കാർ ആശുപത്രികളും രക്തലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ? | ഇ) എല്ലാ FRU (First Referral Unit) കളിലും ബ്ലഡ് സ്റ്റോറേജ് സെന്റർ തുടങ്ങുകയും ആയതിലേക്ക് ആവശ്യമായി വരുന്ന രക്തം സമീപത്തുള്ള ബ്ലഡ് ബാങ്കുകൾ വഴി സന്നദ്ധ രക്ത ദാനത്തിലൂടെ സ്വീകരിച്ച് ആവശ്യമായ ടെസ്റ്റുകൾ നടത്തി ബ്ലഡ് സ്റ്റോറേജ് സെന്ററുകൾക്ക് നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 72 — 24-06-2009-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.എ.എം.ആരിഫ്:<br>ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ)<br>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-2009 വർഷം 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ 73 % സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഈ അദ്ധ്യയന വർഷം (2009-2010) എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെയുള്ള എല്ലാ വിദ്യാർത്ഥികളുടെയും കായികക്ഷമതാ പരിശോധന ആഗസ്റ്റ് 30-നു മുമ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി)<br>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി സംബന്ധിച്ച സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി)<br>ഇല്ല. |
| (സി)<br>സർവ്വേയിലെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (സി)<br>ബാധകമല്ല. |
| (ഡി)<br>കായികക്ഷമതാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ; | (ഡി)<br>ഇല്ല. |
| (ഇ)<br>എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ)<br>ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 73 24.06.2009 ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി

ചോദ്യം

ശ്രീ. കെ.സി. ജോസഫ്
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ എം.എ. വാഹീദ്

മറുപടി

ശ്രീ. എൻ.കെ പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

എ) ജപ്പാൻ സഹായത്തോടുകൂടി കേരളത്തിൽ നടന്നുവരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനപുരോഗതിയും, പദ്ധതി പൂർത്തീകരണം സംബന്ധിച്ച നടപടിക്രമങ്ങളും വെളിപ്പെടുത്തുമോ;

എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി താഴെ കൊടുക്കുന്നു.

| പദ്ധതി | പുരോഗതി |
|---|---|
| തിരുവനന്തപുരം | 61% |
| മീനാട് | 62% |
| ചേർത്തല | 61% |
| കോഴിക്കോട് | 52% |
| പട്ടുവം | 50% |

പദ്ധതികളുടെ പൂർത്തീകരണത്തിനു വേണ്ടി കേരള വാട്ടർ അതോറിറ്റി തലത്തിലും സർക്കാർ തലത്തിലും നിരന്തരമായ റിവ്യൂ മീററിങ്ങുകൾ നടത്തുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്തു വരുന്നു.

ബി) ഓരോ പദ്ധതിക്കും ജെ.ബി.ഐ.സി. പദ്ധതിയിൽ അനുവദിച്ച തുക എത്രയാണെന്നും ഇതിനോടകം എത്ര തുക ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ;

ബി) ഓരോ പദ്ധതിക്കും ജെ.ബി.ഐ.സി. യിൽ നിന്നും ലഭിക്കാവുന്ന പരമാവധി തുകയും (പദ്ധതിയുടെ മതിപ്പു ചെലവ്) ഇതുവരെ ചെലവായ തുകയും താഴെ കൊടുക്കുന്നു.

| പദ്ധതി | മതിപ്പ് ചെലവ് (കോടി രൂപയിൽ) | ചെലവഴിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 407.20 | 160.78 |
| മീനാട് | 295.60 | 153.63 |
| ചേർത്തല | 491.30 | 257.07 |
| കോഴിക്കോട് | 805.60 | 335.52 |
| പട്ടുവം | 392.20 | 158.35 |

ഇതിനോടകം ചെലവഴിച്ചതുക വായ്പയായി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സി | ജെ.ബി.ഐ.സി. സഹായത്തിൻെറ നിബന്ധനകൾ എന്തൊക്കെയൊണെന്ന് വെളിപ്പെടുത്തുമോ? | സി ജപ്പാൻ കുടിവെള്ള പദ്ധതിക്കു വേണ്ട വായ്പ നാല് പ്രത്യക കരാറുകൾ മുഖേനയാണ് . ജെ.ബി.ഐ.സി. (ഇപ്പോഴത്തെ JICA (ജപ്പാൻ ഇൻറർ നാഷണൽ കോ ഓപ്പറേഷൻ ഏജൻസി)) യിൽ നിന്നും ലഭ്യമാക്കുന്നത് ഇതിൽ ആദ്യത്തെ മൂന്നു കരാറുകൾ ഇതിനകം ഒപ്പു വച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരും ജപ്പാൻ ബാങ്കും ആണ് കരാറിൽ ഒപ്പുവയ്ക്കുന്നത്. |

വായ്പാക്കരാറിലെ നിബന്ധനകൾ താഴെപ്പറയുന്നു.

പദ്ധതി നടത്തിപ്പിന് ഇൻറർ നാഷണൽ കൺസൾട്ടൻറിനെ നിയമിക്കണം.

<u>വായ്പാ തിരിച്ചടവ് കാലാവധി</u>

10 വർഷത്തെ ഗ്രെയ്സ് പിരീഡിനു ശേഷം 20 വർഷം കൊണ്ട് വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. പലിശ അർദ്ധ വാർഷികമായാണ് നൽകേണ്ടത്.

<u>വാർഷിക പലിശ നിരക്ക്</u>

1 - ാം ഘട്ട വായ്പയ്ക്ക് 2.1 %

2 - ാം ഘട്ട വായ്പയ്ക്ക് 1.3 %

3 - ാം ഘട്ട വായ്പയ്ക്ക് 1.2 %

4 - ാം ഘട്ട വായ്പയ്ക്ക് 0.1 %

കമിററ്മെൻറ് ചാർജ് നൽകേണ്ടതുണ്ട്. (വായ്പാ തുകയിൽ ഓരോ വർഷവും അവശേഷിക്കുന്ന തുകയ്ക്കാണ് കമിററ് മെൻറ് ചാർജ് നൽകേണ്ടത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74 — 24/06/2009-ൽ മറുപടിയ്ക്ക്

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം ജനോപകാരപ്രദമാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:<br>ശ്രീ. പി. കെ. അബ്ദുറബ്ബ് | | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജീവൻരക്ഷാ മരുന്നുകൾ പോലും ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br>സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ കൂടുതൽ തവണ മരുന്നു വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. |
| (ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ ഇതിന്റെ പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം ജനോപകാരപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) & (സി) | വിലയിരുത്താറുണ്ട്.<br>കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 75 — 24..06..2009 - ലെ മറുപടിക്ക്

### പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീ. സാജു പോൾ:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. മുരളി പെരുനെല്ലി: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) നഷ്ടത്തിലായതും നിർത്തൽ ചെയ്തിട്ടുള്ളതുമായ വ്യവസായ സംരംഭങ്ങൾ പുനർജീവിപ്പിക്കുന്നതിന ് വിവിധ തരത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി. 2008-2009 സാമ്പത്തിക വർഷം പീഡിത വ്യവസായ പുനരുദ്ധാരണ വർഷമായി സർക്കാർ പ്രഖ്യാപിച്ചു. പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നടപടികളാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കി വരുന്നത്.<br>1. ജില്ലാ തല ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി.<br>2. പൂട്ടിക്കിടക്കുന്ന / നഷ്ടത്തിലോടുന്ന വ്യവസായ സംരംഭങ്ങൾ പുതിയ വ്യവസായ സംരംഭകരെക്കൊണ്ട് ഏറ്റെടുപ്പിക്കുക (മാനേജ്മെന്റ് കൈമാറ്റം). |

3. ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു ഇവയുടെ ലോൺ റീസ്ട്രക്ചർ ചെയ്യുക.

4. പീഡിത വ്യവസായ പുനഃരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുക.

ഇത്തരം നടപടികളുടെ ഭാഗമായി വളരെയധികം സ്ഥാപനങ്ങളെ പുനർജീവിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ചെറുകിട പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) 281 ചെറുകിട വ്യവസായങ്ങൾ. (31/03/2009 വരെ) |
| (സി) ഈ വർഷം പുനരുദ്ധാരണ യോഗ്യമായ എത്ര പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) 485 പീഡിത വ്യവസായ സംരംഭങ്ങൾ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 76

24.6.2009-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, ജീവനക്കാരുടെയും തൊഴിലാളികളുടെയും പുനഃക്രമീകരണം, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം<br><br>2. വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ്സിനെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റിയുണ്ടാക്കുകയും പ്രസ്തുത കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും എം.ഡി മാരെ നിയമിക്കുകയും ചെയ്യുന്നു. |

3. പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി.

4. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB-മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ദേശീയ അന്തർദേശീയതലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിച്ചുവരുന്നു.

5. പൊതുമേഖലാ സ്ഥാപനങ്ങളിലെ മികച്ച പൊതുമേഖല സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ കഴിഞ്ഞ 2 വർഷമായി നൽകിവരുന്നു.

6. ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

7. ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിക്കുകയുണ്ടായി.

| | |
|---|---|
| | **8.** പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിലച്ച സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി, കേരളത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളുമായി സർക്കാർ ചർച്ചനടത്തുകയും തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ One Time Settlement- നടപ്പിലാക്കുകയും ചെയ്തു.<br>**9.** സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ഈ സർക്കാർ വന്നശേഷം ലാഭത്തിലാക്കാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 31 പൊതുമേഖലാ സ്ഥാപനങ്ങളിൽ 18 പൊതുമേഖലാ സ്ഥാപനങ്ങളെ 2008-09 (As per provisional accounts) കാലയളവിൽ ലാഭത്തിലാക്കാൻ സാധിച്ചു. അവ ഏതെല്ലാമാണെന്ന് ചുവടെ ചേർക്കുന്നു.<br>1 Kerala Artisans Development Corporation Ltd<br>2 The Metal Industries Ltd<br>3 Keltron Magnetics Ltd<br>4 Handicrafts Dev Corp. (Kerala) Ltd<br>5 Steel Complex Ltd<br>6 Keltron Resistors Ltd<br>7 Keltron Electro Ceramics Ltd<br>8 The Kerala Ceramics Ltd<br>9 Kerala Electrical&Allied Engineering Company Ltd.<br>10 Kerala Small Industries Development Corporation Ltd<br>11 Kerala State Bamboo Corporation Ltd.<br>12 Keltron Crystals Ltd<br>13 Keltron Component Complex Ltd<br>14 United Electrical Industries Ltd.<br>15 The Travancore Cements Ltd<br>16 Steel Industrials Kerala Ltd<br>17 Traco Cable Company Ltd<br>18 Kerala State Electronic Development Corp |

(സി) ചൗധരി കമ്മിറ്റി ശുപാർശപ്രകാരം അടച്ചു പൂട്ടുന്നതിനും ആസ്തികൾ വില്ക്കുന്നതിനും കഴിഞ്ഞ സർക്കാർ തീരുമാനിച്ച കമ്പനികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻ സർക്കാരിന്റെ കാലയളവിൽ ആർ.സി.ചൗധരി ചെയർമാനായിട്ടുള്ള Enterprise Reforms Committee (ERC) യുടെ ശുപാർശപ്രകാരവും BIFR തീരുമാനമനുസരിച്ചും പ്രവർത്തനം നിർത്തലാക്കുവാൻ തീരുമാനിച്ചിരുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു

*Company*

1. Kerala Soaps & Oils Ltd
   *(Operations stopped in 2002)*
2. Kerala Construction Components Ltd
   *(Operations stopped in 2003)*
3. Metropolitan Engineering Company Ltd
   *(Operations stopped in 2003)*
4. Trivandrum Spinning Mills Ltd
   (*Operations stopped in* 2002 based on BIFR decision)
5. Keltron Rectifiers Ltd (*Operations stopped in* 2003 based on BIFR decision)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിക്കുവാൻ KSTC-യെ ചുമതലപ്പെടുത്തി.
- Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നൂഡിൽസ് യൂണിറ്റുണ്ടാക്കുന്നതിനുള്ള KSIE-യുടെ പ്രൊപ്പോസൽ G.O.(MS).No.186/2008/ID dated 05-12-2008 പ്രകാരം സർക്കാർ അംഗീകരിക്കുകയും, അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്
- Metropolitan Engineering Company Ltd-ൻെറ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു
- Kerala Construction Components Ltd- . ഉൽപാദന സൗകര്യങ്ങൾ സംസ്ഥാനത്തിൻെറ വ്യവസായ വികസനത്തിനായി ഉപയോഗിക്കുവാൻ സ്ഥാപനത്തിൻെറ ആസ്തികളും ബാധ്യതകളും ഏറ്റെടുക്കുന്നതിനായി Kerala State Industrial Devlopment Corporation Ltd-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ടെക്സ്റ്റയിൽ വ്യവസായം ലാഭകരമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

(ഡി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ വ്യവസായം ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടെക്സ്റ്റയിൽസ് വ്യവസായം ലാഭകരമാക്കാൻ മില്ലുകളുടെ നവീകരണത്തിനും ന്യായവിലയ്ക്ക് പഞ്ഞി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ സ്പിന്നിംഗ് മില്ലുകളെ നവീകരിക്കുന്നതിനു വേണ്ട ശുപാശകൾ നൽകാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നവീകരണ പദ്ധതികൾക്കുള്ള പ്രോജക്റ്റുകൾ തയ്യാറാക്കി എൻ.സി.ഡി.സി-യ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനെ തുടർന്ന് കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിയ്ക്കുന്നതിനുവേണ്ടി യഥാക്രമം 1300 ലക്ഷം രൂപയുടേയും 1340 ലക്ഷം രൂപയുടേയും പ്രോജക്റ്റുകൾ എൻ.സി.ഡി.സി അംഗികരിച്ച് വായ്പ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. സഹകരണ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നവീകരണത്തിന് അംഗീകാരം ലഭിച്ച 2 മില്ലുകളുടെ നവീകരണം ഈ വർഷം തന്നെ നടപ്പാക്കുന്നതാണ്. കേരളത്തിലെ സഹകരണമേഖലയിലെ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിന് 120 കോടി അടങ്കൽ തുക വരുന്ന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

അസംസ്കൃത വസ്തുവായ പഞ്ഞിയുടെ **seasonal purchase-** നുവേണ്ടി കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് 14 കോടി രൂപയും സർക്കാരിൽ നിന്നും 7 കോടി രൂപയും വായ്പയെടുത്ത് ന്യായ വിലയ്ക്ക് പഞ്ഞിവാങ്ങുവാനും ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പുവരുത്തുന്നതിനായി ഒരു Centralized Purchase Committee രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2 ആഴ്ചയിൽ ഒരിക്കൽ **RIAB** വഴി മില്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മില്ലുകളിലെ ജീവനക്കാരുടെ absenteeism തടയാനും ജോലികൾ മുടക്കം വരാതെ ഉല്പാദന ശേഷി ശരിയായി വിനിയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പ്രവർത്തനം വഴി മില്ലുകളെ ലാഭകരമാക്കാൻ സാധിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 77

24.06.2009-ൽ മറുപടിക്ക്.

## വ്യവസായ സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഏതെല്ലാം ജില്ലകളിൽ വ്യവസായ സംഗമങ്ങൾ സംഘടിപ്പിച്ചു ; എന്നെല്ലാമെന്നു അറിയിക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ആറ് ജില്ലകളിലും, കിൻഫ്രയുടെ നേതൃത്വത്തിൽ ഏഴ് ജില്ലകളിലും, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 12 ജില്ലകളിലായി 16 സംഗമങ്ങളും നടന്നു. വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ സംഗമങ്ങളിൽ പങ്കെടുത്ത വ്യവസായ സംരംഭകരുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ചു ; | (ബി) കെ.എസ്.ഐ.ഡി.സി 63 ധാരണാ-പത്രങ്ങളും, കിൻഫ്ര 18 ധാരണാ പത്രങ്ങളും ഒപ്പു വച്ചു. വ്യവസായ വാണിജ്യ ഡയറക്ടറുടെ നേതൃത്വ-ത്തിൽ നടന്ന സംഗമങ്ങളിൽ ധാരണാപത്രങ്ങൾ ഒപ്പുവെയ്ക്കാറില്ല. |
| (സി) എന്തു തുകയുടെ നിക്ഷേപം ഉണ്ടാകുന്നതിനുള്ള ധാരണാപത്രങ്ങളാണ് പ്രസ്തുത സംഗമങ്ങളിൽ ഒപ്പുവച്ചത് ;<br>(ഡി) ഈ ധാരണാപത്രങ്ങള-നുസരിച്ച് എത്ര തുകയ്ക്കുള്ള എത്ര വ്യവസായങ്ങൾ സ്ഥാപിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ? | (സി)-യും (ഡി)-യും<br>ഉത്തരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

കെ.എസ്.ഐ.ഡി.സി :

| ക്രമ നം. | ജില്ല | തീയതി | എണ്ണം |
|---|---|---|---|
| 1) | കണ്ണൂർ | 23.09.2006 | 1 |
| 2) | കാസർഗോഡ് | 13.01.2007 | 1 |
| 3) | കോട്ടയം | 27.01.2007 | 1 |
| 4) | തൃശ്ശൂർ | 19.02.2007 | 1 |
| 5) | മലപ്പുറം | 24.02.2007 | 1 |
| 6) | ആലപ്പുഴ | 20.05.2008 | 1 |

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് :

| ക്രമ നം. | ജില്ല | തീയതി | എണ്ണം |
|---|---|---|---|
| 1) | തിരുവനന്തപുരം | 30.07.2008<br>22.08.2008 | 2 |
| 2) | ആലപ്പുഴ | 2008-09<br>സാമ്പത്തിക വർഷം | 1 |
| 3) | പത്തനംതിട്ട (തിരുവല്ല) | 28.02.2009 | 1 |
| 4) | എറണാകുളം | 12.02.2007<br>16.06.2009 | 2 |
| 5) | തൃശ്ശൂർ | 06.03.2009 | 1 |
| 6) | ഇടുക്കി | 27.02.2009 | 1 |
| 7) | പാലക്കാട് | 12.03.2009 | 1 |
| 8) | മലപ്പുറം | 24.02.2009 | 1 |
| 9) | കോഴിക്കോട് | 29.03.2007<br>08.04.2009 | 2 |
| 10) | കണ്ണൂർ | -- | 2 |
| 11) | കാസർഗോഡ് | 25.02.2009 | 1 |
| 12) | കോട്ടയം | 28.02.2009 | 1 |
| | | | 16 |

കിൻഫ്ര :

| ക്രമ നം. | ജില്ല | തീയതി | എണ്ണം |
|---|---|---|---|
| 1) | കണ്ണൂർ | 23.09.2006 | 1 |
| 2) | കാസർഗോഡ് | 13.01.2007 | 1 |
| 3) | കോട്ടയം | 27.01.2007 | 1 |
| 4) | തൃശ്ശൂർ | 19.02.2007 | 1 |
| 5) | തിരുവനന്തപുരം | 12.12.2006 | 1 |
| 6) | ആലപ്പുഴ | 07.07.2008 | 1 |
| 7) | പാലക്കാട് | 24.07.2008 | 1 |

50

**അനുബന്ധം-2**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്ന സംഗമങ്ങളിൽ ധാരണാപത്രങ്ങളൊന്നും ഒപ്പുവച്ചില്ല. എന്നിരുന്നാൽ തന്നെയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിൽ 12.02.2007-ൽ നടന്ന സംഗമത്തിൽ പങ്കെടുത്ത 150 പേർ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ള താണ്. ആയതിൽ 3 കോടി 15 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. 16.06.2009-ൽ നടന്ന സംഗമത്തിലൂടെയുള്ള സംരംഭങ്ങളുടെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദത്തിൻകീഴിൽ നടന്ന സംഗമത്തിൽ പങ്കെടുത്ത നിക്ഷേപകരിൽ 2 പേർ ഇതിനകം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 3.05 കോടി രൂപയുടെ നിക്ഷേപം പ്രസ്തുത സംരംഭങ്ങളിൽ ഉണ്ടായിട്ടുണ്ട്. മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിൽ 4 സംരംഭ--ങ്ങൾ 48 ലക്ഷം രൂപ മുടക്കിൽ ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൻ കീഴിൽ നടന്ന സംഗമത്തിൽ സമർപ്പിക്കപ്പെട്ട പ്രോജക്ട് റിപ്പോർട്ടുകൾ അനുസരിച്ച് 210 ലക്ഷം രൂപ മുതൽ മുടക്കുള്ള മൂന്ന് വ്യവസായങ്ങൾ ഇതിനകം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

കിൻഫ്രയുടെ നേതൃത്വത്തിൽ കണ്ണൂരിൽ നടന്ന വ്യവസായ നിക്ഷേപ സംഗമത്തിൽ ധാരണാപത്രം ഒപ്പിട്ട പദ്ധതികളുടെ നിക്ഷേപത്തിനെ സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത നിക്ഷേപകർ നൽകിയിട്ടില്ല. ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ പദ്ധതി രൂപീകരണ വേളയിൽ മാത്രമേ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഇവയിൽ കാസർഗോഡ് പാർക്കിൽ ഏകദേശം 294 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇവയിൽ കൊരട്ടി പാർക്കിൽ ഏകദേശം 225 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു.

കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ 3948 രൂപയുടെ ധാരണ പത്രങ്ങൾ ഒപ്പുവച്ചു. അതിൽ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മരിയൻ അപ്പാരൽസ്, ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കേരാ മാറ്റ് വാല പ്രൈ. ലിമിറ്റഡ് എന്നീ കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (430 ലക്ഷം രൂപ). ഒമ്പതെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മറ്റു സംരംഭങ്ങൾ വ്യവസായ വളർച്ചാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുന്നതോടുകൂടി യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*[signature]* 50

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78 | 24.6.2009 ൽ മറുപടിക്ക് |
|---|---|

## പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാൻ നടപടി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ.ബി.ബാബുപ്രസാദ് :<br>ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ.സി.പി.മുഹമ്മദ് : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| എ) | ഈ വർഷം കോളറ, ചിക്കൻപോക്സ്, ഹെപ്പറ്റൈറ്റീസ് എന്നീ രോഗങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് 18.06.2009 വരെ 20 കോളറ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചിക്കൻ പോക്സ് ഉം ഹെപ്പറ്റൈറ്റിസ് എ കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ഇതുമൂലം മരണമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | ബി) | ഈ വർഷം ആകെ കോളറ ബാധിച്ച് 2 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ചിക്കൻപോക്സ് മൂലം 8 പേരും ഹെപ്പറ്റൈറ്റിസ്.എ മൂലം 5 പേരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | സി) | മലമ്പനി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഒരു രോഗമാണ്, എന്നാൽ അന്യ സംസ്ഥാനങ്ങളിൽ മലമ്പനി രോഗബാധ നിലനിന്നിരുന്നതിനാൽ അവിടെ നിന്നും ജോലി തേടി വരുന്നവരിൽ നിന്നും അവിടെ നിന്ന് മടങ്ങി വരുന്നവരിൽ നിന്നുമാണ് മലമ്പനി കേരളത്തിൽ വീണ്ടും ഉണ്ടാകാനിടയായത്. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി വീടിനുള്ളിൽ തളിച്ചിരുന്ന കീടനാശിനി മലമ്പനി രോഗം നിർമ്മാർജ്ജനം ചെയ്യപ്പെട്ടതോടെ നിർത്തിവച്ചു. ഇതുമൂലം മലമ്പനി പടർത്തുവാൻ കഴിവുള്ള |

| | | | |
|---|---|---|---|
| | | | കൊതുകുകളുടെ സാന്ദ്രത ക്രമേണ വർദ്ധിച്ചുവന്നു. ഈ സാഹചര്യത്തിൽ മലമ്പനി രോഗബാധയുമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്നവരിൽ നിന്നും തിരിച്ച്വന്നവരിൽ നിന്നും രോഗസംക്രമണം വീണ്ടും ഉണ്ടാകാൻ ഇടയായി. |
| ഡി) | ഇവയെ നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ വിശദാംശം നൽകുമോ ? | ഡി) | മലമ്പനി രോഗബാധ കണ്ടെത്തിയ വീട്ടിനുള്ളിലും , ചുറ്റുപാടുമുള്ള വീടുകളിലും കീടനാശിനി തളിച്ചും, മലമ്പനിരോഗം പരത്തുന്ന കൊതുകുകളുടെ ഉറവിടം നശിപ്പിച്ചുംനശിപ്പിക്കാത്തിടങ്ങളിൽ കീടനാശിനികൾ തളിച്ചും, മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ചും മലമ്പനി നിയന്ത്രണം ഫലപ്രദമായി നടത്തിവരുന്നു. കൂടാതെ ജനങ്ങളിൽ മലമ്പനി രോഗത്തെക്കുറിച്ചും, രോഗസംക്രമണത്തെക്കുറിച്ചും അതിന്റെനിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും വേണ്ട അവബോധം സൃഷ്ടിക്കുവാൻ വിവിധതരം ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനത്തിലൂടെ പനിയുള്ള എല്ലാവരുടേയും രക്തസാംമ്പിൾ ശേഖരിച്ച് രോഗനിർണ്ണയം നടത്തി കാലതാമസം കൂടാതെ ആവശ്യമായ ചികിൽസ നൽകുക വഴി രോഗത്തെ നിയന്ത്രിച്ച് നിർത്തുവാൻ സാധിച്ചിട്ടുണ്ട്. |

K.S.Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 79 24.06.2009-ൽ മറുപടിക്ക്

## ആയുർവേദത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോളർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ:<br>ശ്രീ. എം.ജെ. ജേക്കബ്:<br>ശ്രീ.സൈമൺബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ആയുർവേദത്തിന് പ്രത്യേക ഡ്രഗ്സ്കൺട്രോൾ വിഭാഗം രൂപീകരിച്ചതിനുശേഷം ആയുർ വേദ മരുന്നുകളുടെ ഗുണനില വാരം പരിശോധിക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 2008സെപ്റ്റംബർമാസം മുതൽ ആയുർവേദത്തിന് പ്രത്യേകം ഡ്രഗ്സ്കൺ ട്രോൾ വിഭാഗം രൂപീകൃതമായി. 2008-2009 കാലയളവിൽ മരുന്നുകളുടെ ഗുണനിലവാരപരിശോധന യിൽ കഴിഞ്ഞവർഷങ്ങളേക്കാൾ ഗണ്യമായമാറ്റം ഉണ്ടായിട്ടുണ്ട്. 2005 മുതൽ 2009 മേയ് വരെയുള്ള കാലയളവിൽ പരിശോധിച്ച സാമ്പിളുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്. |

| വർഷം | | എണ്ണം |
| --- | --- | --- |
| 2005 | - | 146 |
| 2006 | - | 174 |
| 2007 | - | 176 |
| 2008 | - | 380 |
| 2009 | - | 263 |

(2009മേയ്‌വരെ)

| ചോദ്യം | ഉത്തരം |
| --- | --- |
| (ബി) അംഗീകാരമില്ലാത്ത ആയുർ വേദ ഔഷധങ്ങൾ വില്പന നടത്തുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം എത്രകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) കഴിഞ്ഞവർഷം ഒരുകേസും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) ആയുർവേദമരുന്നുകളുടെ ഗുണ നിലവാരം പരിശോധിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തുമോ? | (സി) ആയുർവേദഡ്രഗ്സ്കൺട്രോള റുടെ കീഴിലുള്ള ഡ്രഗ്സ് കൺ ട്രോൾ വിഭാഗം പൂർണ്ണമായ തോതിൽ നടപ്പിൽ വരുന്നതോടു കൂടി ഈ വിഭാഗം കൂടുതൽ ശക്തിപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 80** **24.6.09-ൽ മറുപടിക്ക്**

## 'കൈത്തറി വ്യവസായത്തെ സംരക്ഷിക്കാൻ നടപടി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.ബാബു പോൾ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.കെ.അജിത് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) നൂൽ വിലയിലുണ്ടായ വർദ്ധനവ് കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഒന്നും രണ്ടും തറികൾ വച്ച് പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനായി പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) ഒന്നും രണ്ടും തറികൾ വച്ച് പണിയെടുക്കുന്ന നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ വഴി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് 10 തറികൾ ഉൾപ്പെടുന്ന ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതി നിലവിലുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ ഗ്രൂപ്പ് വികസന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ കൈത്തറി വ്യവസായം നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാനത്ത് കൈത്തറി വ്യവസായം നിലനിർത്തുന്നതിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു :- |

1) നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു.
2) നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു.
3) ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കേന്ദ്ര, സംസ്ഥാന റിബേറ്റ് നൽകുന്നു.
4) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കുറഞ്ഞ വിലയിൽ കൈത്തറി/ഖാദി വസ്ത്രം വിതരണം ചെയ്യുന്നു.
5) ഉത്സവകാലയളവിൽ വിപണന മേളകൾ സംഘടിപ്പിക്കുന്നു.
6) ഹാൻടെക്സ്,ഹാൻവീവ്, കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.
7) നെയ്ത്തുകാർക്ക് നൂൽ ന്യായവിലയ്ക്ക് നൽകുന്നതോടൊപ്പം അവ ലഭ്യമാക്കുന്നതിനായി യാൺ ബാങ്കുകൾ ആരംഭിച്ചു.
8) ഭൗമസൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര സർക്കാർ സ്ഥാപനമായ മുംബൈ ടെക്സ്റ്റൈൽസ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

3

9) ഹാൻടെക്സ്, ഹാൻവീവ്, കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നൽകാനുണ്ടായിരുന്ന റിബേറ്റ് കുടിശ്ശികയായ 690 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തു.

10) പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻലൂം & ടെക്സ്റ്റൈൽ ടെക്നോളജിയെ ചുമതലപ്പെടുത്തി.

11) ഫാക്ടറി മാതൃക സംഘങ്ങളിലെ തറികൾ ആധുനിക വൽക്കരിക്കുന്നതിനും, ഉൽപ്പന്നവികസനം നടത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

12) കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതിപ്രകാരം അനുമതി ലഭിക്കുന്നതിനായി 32 ക്ലസ്റ്ററുകളുടെ അപേക്ഷ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

13) ഹാൻവീവ്, ഹാൻടെക്സ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 500 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

14) പ്രാദേശിക മേഖലാ ബ്രാന്റുകൾ വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻലൂം & ടെക്സ്റ്റൈൽ ടെക്നോളജി വഴി നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 81** **24.06.09ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെൻറ് തുറമുഖം

**ചോദ്യം**
ശ്രീമതി.ജെ.അരുന്ധതി
ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.ആർ.സെൽവരാജ്
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.വി.ജെ.തങ്കപ്പൻ

**മറുപടി**
ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെൻറ് തുറമുഖം സ്ഥാപിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ & ബി | വിഴിഞ്ഞം തുറമുഖ പദ്ധതി റീ ടെണ്ടർ ചെയ്യാൻ സർക്കാർ തീരുമാനിച്ചതിനെ തുടർന്ന് നോഡൽ ഏജൻസിയായി പ്രഖ്യാപിച്ച വിഴിഞ്ഞം ഇൻറർനാഷണൽ സീ പോർട്ട് ലിമിറ്റഡ്, പദ്ധതി ഉപദേഷ്ടാക്കൾ, സാങ്കേതിക കൺസൾട്ടൻസി തുടങ്ങിയവരുടെ സഹായത്തോടെ ജൂലൈ 27, 2007ൽ RFP documents റിവൈസ് ചെയ്ത് തയ്യാറാക്കി ആഗോള ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ എടുത്തു. 08/08/07ൽ ദേശീയ തലത്തിലുള്ള പ്രമുഖ പത്രങ്ങളിലും, 21/08/07ൽ ലണ്ടൻ ആസ്ഥാനമായുള്ള അന്തർദേശീയ പത്രമായ Financial Times ലും ഷിപ്പിംഗ് ഇൻഡ്യൻ ഇൻഫ്രാസ്ട്രക്ചർ എന്നീ മാഗസീനുകളിലും പദ്ധതി നടത്തിപ്പിനായി സ്വകാര്യ പങ്കാളിയെ കണ്ടെത്താൻ ആഗോള ടെണ്ടർ ക്ഷണിക്കുകയുണ്ടായി.<br>പദ്ധതി ടെണ്ടർ ചെയ്തതിനുശേഷം ബന്ധപ്പെട്ട മേഖലയിലെ ദേശീയ /അന്തർദേശീയ തലത്തിലുള്ള കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് പദ്ധതിയുടെ സാദ്ധ്യതകൾ വിശദീകരിക്കുകയും ആവശ്യമായ വിവരങ്ങൾ നൽകി അവരെ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുള്ള തീവ്രശ്രമം നടത്തുകയുണ്ടായി. 17/04/08ൽ പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച കമ്പനികളെ ഉൾപ്പെടുത്തി നിക്ഷേപക സംഗമം നടത്തി. ഇതിനെ തുടർന്ന്, 8 വിദേശ കമ്പനികൾ ഉൾപ്പെടെ 33 കമ്പനികൾ ദർഘാസ് രേഖകൾ വാങ്ങുകയുണ്ടായി. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതിയായ 31/01/08ൽ 5 കൺസോർഷ്യങ്ങൾ ദർഘാസുകൾ സമർപ്പിച്ചു. ലഭ്യമായ ബിഡുകൾ പരിശോധിച്ച് വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ബിഡ് ഇവാലുവേഷൻ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു. പ്രസ്തുത |
| ബി | തുറമുഖത്തിൻെറ ടെൻഡർ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കമ്മിറ്റി ലഭിച്ച ബിഡുകളിലെ യോഗ്യതാരേഖകൾ പരിശോധിച്ച് യോഗ്യരാണെന്ന് കണ്ടവരുടെ സാങ്കേതിക പ്രൊപ്പോസൽ തുറന്ന് വിലയിരുത്തി തുടർന്ന് യോഗ്യരാണെന്ന് കണ്ടവരുടെ സാമ്പത്തിക പ്രൊപ്പോസൽ തുറക്കുകയും വിലയിരുത്തുകയും ചെയ്തു. ഈ 3 ഘട്ട വിലയിരുത്തലിനുശേഷം കമ്മിറ്റി ലാൻകോ കൊണ്ടപ്പള്ളി പവർ പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്, ലീഡ് മെമ്പറായുള്ള കൺസോർഷ്യത്തിനെ വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള Highest Evaluated Bidder ആയി തിരഞ്ഞെടുത്ത് സർക്കാരിലേക്ക് ശുപാർശ ചെയ്തു.<br><br>ബിഡ് ഇവാലുവേഷൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കൺസോർഷ്യത്തെ സർക്കാർ ക്യാബിനറ്റ് അനുമതിയോടെ വിഴിഞ്ഞം തുറമുഖ വികസനത്തിനായുള്ള preferred bidder ആയി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് preferred bidder ആയി തെരഞ്ഞെടുത്ത പ്രസ്തുത കൺസോർഷ്യത്തിന് ആവശ്യമായ **clearance** ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെൻറിൻെറ വിവിധ വകുപ്പുകളായ പ്രതിരോധം, ആഭ്യന്തരം, വിദേശ കാര്യം, ഷിപ്പിങ്ങ് എന്നിവയിൽ അപേക്ഷ സമർപ്പിക്കുകയും പദ്ധതിയുടെ ഈ ഘട്ടത്തിൽ ആവശ്യമായ അനുമതി പ്രസ്തുത വകുപ്പുകളിൽ നിന്നും ലഭിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 30/09/08ൽ തെരഞ്ഞെടുത്ത കൺസോർഷ്യത്തിന് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിന് വിധേയമായി ലറ്റർ ഓഫ് ഇൻറൻറ് നൽകുകയുണ്ടായി.<br><br>പദ്ധതിക്കു ടെണ്ടർ സമർപ്പിച്ചിരുന്ന സൂം കൺസോർഷ്യം അവർ അയോഗ്യരാണെന്ന തീരുമാനത്തെ തുടർന്ന് ബഹു ഹൈക്കോടതിയിൽ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. അപ്പീൽ, ഹൈക്കോടതി ഡിവിഷൻ ബെഞ്ച് അനുവദിക്കുകയും, ലാൻകോ കൊണ്ടപ്പള്ളിയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തെ തിരഞ്ഞെടുത്ത സർക്കാർ ഉത്തരവ് തൽക്കാലം നിർത്തി വെയ്ക്കുവാനും അയോഗ്യരാക്കപ്പെട്ട സൂമിൻെറ സാങ്കേതിക സാമ്പത്തിക ബിഡ് പ്രൊപ്പോസലുകൾ പരിഗണിച്ച് തീരുമാനമെടുക്കുവാനും ഉത്തരവായിരുന്നു. ഇതിനെ തുടർന്ന് സർക്കാർ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ബഹു.സുപ്രീം കോടതി ഹൈക്കോടതി ഡിവിഷൻ ബഞ്ചിൻെറ ഉത്തരവ് ശരി വയ്ക്കുകയായിരുന്നു.<br><br>മേൽപ്പറഞ്ഞ സാഹചര്യത്തിൽ സൂം കൺസോർഷ്യം സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡ് |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ RFP നിബന്ധനകളനുസരിച്ച് വിലയിരുത്തിയ ഇവാലുവേഷൻ കമ്മിറ്റി, ഈ ഘട്ടത്തിലും അവർ യോഗ്യത നേടുന്നില്ലെന്നു കണ്ടെത്തി സർക്കാരിന് ശുപാർശ നൽകി. ഇതിനെ തുടർന്ന് സൂം ഡവലപ്പേഴ്സ് വീണ്ടും സുപ്രീം കോടതിയെ സമീപിക്കുകയും, സാങ്കേതിക പ്രൊപ്പോസലുമായി ബന്ധപ്പെട്ട് പുതിയ രേഖകൾ കൂടി പരിശോധിച്ച് തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു. കേസ് അവസാനിപ്പിച്ചു കൊണ്ട് ബഹു: സുപ്രീം കോടതി, സൂമിനോട് ആവശ്യമെങ്കിൽ ഉചിതമായ ഫോറത്തെ സമീപിക്കുവാൻ നിർദ്ദേശിച്ചു. ഇതേ തുടർന്ന് സാങ്കേതിക ബിഡുമായി ബന്ധപ്പെട്ട് സൂം സമർപ്പിച്ച പുതിയരേഖകൾ കൂടി വിലയിരുത്തി ശുപാർശ ചെയ്യുവാൻ ഇവാലുവേഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായി. പ്രസ്തുത ഇവാലുവേഷൻ പുരോഗമിച്ചു വരുന്നു.<br><br>**പദ്ധതിയുടെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾ**<br>പദ്ധതിയ്ക്കാവശ്യമായ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ, ജലവിതരണം, വൈദ്യുതി എന്നിവ നടപ്പാക്കുന്നതിനുള്ള ചുമതല VISL നാണ്. തുറമുഖത്തേയ്ക്കുള്ള റോഡ്/റെയിൽ എന്നിവ സംബന്ധിച്ച പഠനം നടത്താൻ ഏൽപ്പിച്ച കേന്ദ്ര സർക്കാർ സ്ഥാപനമായ M/s.RITES Ltd -ും ആയി കരാറിൽ ഏർപ്പെട്ടു. അവരിൽ നിന്നും കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി പുനർ സമർപ്പിക്കുവാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>പദ്ധതിയുമായി ബന്ധപ്പെട്ട ശുദ്ധജല വിതരണ പദ്ധതി നടത്തിപ്പിനുള്ള ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ് നൽകിയിട്ടുള്ളത്. 3/07/2007 -ൽ കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിനായി വിഴിഞ്ഞത്ത് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം (ഏകദേശം 50 സെൻറ്) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തയ്യാറാക്കി. ഉടനെ തന്നെ ദർഘാസ് രേഖകൾ തയ്യാറാക്കി പദ്ധതി നിർമ്മാണത്തിനുള്ള ടെണ്ടർ വിളിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | ടെൻഡർ നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു; | സി | ഇപ്പോൾ നടന്നു വരുന്ന സൂം ഡവലപ്പേഴ്സ് കൺസോർഷ്യത്തിൻെറ സാങ്കേതിക ബിഡ് പരിശോധന പൂർത്തിയാക്കി സർക്കാർ തീരുമാനമായാൽ മാത്രമേ ടെണ്ടർ നടപടികൾ എന്ന് പൂർത്തീയാക്കാൻ കഴിയുമെന്ന് കൃത്യമായ പറയുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| ഡി | തുറമുഖവുമായി ബന്ധപ്പെട്ട റോഡ്, റെയിൽ സൗകര്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | | വിഴിഞ്ഞം പദ്ധതിയ്ക്കാവശ്യമായ റോഡ്, റെയിൽ സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല VISL നാണ്. തുറമുഖത്തേയ്ക്കുള്ള റോഡ്/റെയിൽ എന്നിവ സംബന്ധിച്ച സാധ്യതാ പഠനം നടത്താൻ കേന്ദ്രസർക്കാർ സ്ഥാപനമായ M/s.RITES Ltd -നെ ചുമതലപ്പെടുത്തിയിരുന്നു. അവർ കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്തിമ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 82 — 24-06-2009 ൽ മറുപടിക്ക്

## കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി

ചോദ്യം:
ശ്രീ.ടി.പി.കുഞ്ഞുണ്ണി :
ശ്രീ.വി.ചെന്താമരാക്ഷൻ :
ശ്രീ.കെ.കെ.ദിവാകരൻ :
ശ്രീ.എം.ഹംസ :
ശ്രീ.എം.ചന്ദ്രൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(എ). യും (സി) യും (ഡി).യും

റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനായി 900 ഏക്കർ സ്ഥലം റെയിൽവെയ്ക്ക് സൗജന്യമായി ഏറ്റെടുത്തു നൽകുന്നതിനായി 06..10..2008-ലെ സ.ഉ.(എം.എസ്).40/2008/ഗതാ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6(1) വിജ്ഞാപനവും സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള 4(1) വിജ്ഞാപനവും ഗസറ്റിലും, പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി). കോച്ച് ഫാക്ടറിയുടെ പ്രോജക്ട് റിപ്പോർട്ടിന് റെയിൽവെ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി). ഇല്ല.

(സി). ഫാക്ടറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുള്ളത് എന്നറിയിക്കുമോ ;

(സി).

(ഡി). കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

(ഡി).

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 83

24.06.2009 -ൽ മറുപടിക്ക്

എപ്പിഡമിക് സെൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ ജില്ലകളിൽ നിന്നുമുള്ള പകർച്ചവ്യാധികൾ സംബന്ധിച്ച സ്ഥിതി വിവര കണക്ക് ശേഖരിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ആരോഗ്യവകുപ്പ് ഡയറക്ട റേറ്റിനു കീഴിൽ ഒരു എപ്പിഡമിക് സെൽ പ്രവർത്തി ച്ചിരുന്നുവോ; | (എ) പ്രവർത്തിച്ചിരുന്നു. |
| (ബി) ഇതിന്റെ പ്രവർത്തനം അവസാനിപ്പിച്ചുവോ; എങ്കിൽ എന്തുകൊണ്ട്; | (ബി) അവസാനിപ്പിച്ചിട്ടില്ല. ഒരു ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1, ഒരു ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ വിവിധ സ്ഥാപനങ്ങളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ഇവിടെ പ്രവർത്തിച്ചിരുന്നു. ഇവരെ അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. സംയോജിതരോഗ പര്യവേഷണ പദ്ധതി (ഐ.ഡി.എസ്.പി.)യിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിൽ നിന്നും പകർച്ചവ്യാധികളെ സംബന്ധിച്ച വിവരങ്ങൾ ദിവസേന ഇ-മെയിൽ മുഖാന്തിരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ ലഭിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ പദ്ധതിയുടെ ഭാഗമായുള്ള സ്റ്റേറ്റ് ഡിസീസ് കൺട്രോൾ & മോണിറ്ററിംഗ് സെല്ലിലേക്ക് (എസ്.ഡി.സി.എം.സി.) ജില്ലകളിൽ നിന്നുള്ള പകർച്ചവ്യാധികളുടെ ദിവസേന ഉള്ള സ്ഥിതിവിവര കണക്കുകളും മെഡിക്കൽ കോളേജുകളിൽ നിന്നും പി.ഇ.ഐ.ഡി. സെൽ മുഖാന്തിരം വിവരങ്ങളും മറ്റ് സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള വിവരങ്ങളും ലഭിക്കുന്നുണ്ട്. എസ്.ഡി.സി.എം.സി.യിൽ ലഭ്യമാകുന്ന പകർചവ്യാധികളുടെ സ്ഥിതിവിവരകണക്കുകൾ |

| | |
|---|---|
| | അവിടെ ക്രോഡീകരിക്കുകയും അവ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് ദിവസേന ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. എപ്പിഡെമിക് സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കുവാനും ആലോചിക്കുന്നുണ്ട്. |
| (സി) ദേശീയഗ്രാമീണാരോഗ്യ പദ്ധതിയുടെ ഭാഗമായുള്ള സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമാണ്; | (സി)<br>1. സംസ്ഥാനത്തെ പകർച്ചവ്യാധി നിയന്ത്രണ അവലോകന പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തനനിരതമായിരിക്കുന്നു.<br>2. പകർച്ചവ്യാധികളെപ്പറ്റിയുള്ള പ്രതിദിനവിവരങ്ങൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും മെഡിക്കൽ കോളേജുകളിലെ 'പീഡ്' സെല്ലുകളിൽ നിന്നും ദിവസേന ലഭിക്കുന്ന റിപ്പോർട്ടുകളാണ് ഇപ്രകാരം വിശകലനം ചെയ്യപ്പെടുന്നത്.<br>3. പത്ര-ദൃശ്യ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ പരിശോധിച്ച് വിശകലനം ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br>4. ഇതോടൊപ്പം തൊലിക്കകത്ത് പേവിഷബാധക്കെതിരായുള്ള പ്രതിരോധ കുത്തിവെയ്പ് (IDRV) നൽകുന്നത് സംബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്നും പ്രതിദിന റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിക്കുന്നു.<br>5. സെല്ലിന്റെ പ്രതിദിന റിപ്പോർട്ട് ദിവസേന ആരോഗ്യ വകുപ്പ് മന്ത്രി, സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ, റീജിയണൽ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർക്ക് ഇ-മെയിൽ ചെയ്യുന്നു.<br>6. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടാനുള്ള സാധ്യതകളും പ്രവണതകളും മനസ്സിലാക്കി ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.<br>7. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടാൽ അത്തരം സ്ഥലങ്ങൾ സന്ദർശിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.<br>8. ഇത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും മെഡിക്കൽ കോളേജുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br>9. നാഷണൽ വൈറോളജി യൂണിറ്റിന്റെ ആലപ്പുഴ ശാഖ വഴി രോഗസ്ഥിരീകരണം നടത്തി അതാത് ജില്ലകളെ അറിയിക്കുന്നു. |

| | |
|---|---|
| | 10. പകർച്ചവ്യാധികൾ സംബന്ധിച്ച് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് സെമിനാറുകളും വർക്ഷോപ്പുകളും സംഘടിപ്പിക്കുന്നു. ഫലപ്രദമായ ആക്ഷൻ പ്ലാനുകൾക്കും ഗൈഡ് ലൈനുകൾക്കും രൂപം നൽകുന്നു. |
| (ഡി) ഈ സെൽ പകർച്ച വ്യാധി നിയന്ത്രണം സംബന്ധിച്ച പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നുണ്ടോ; | (ഡി) ഈ സെൽ അത്യാവശ്യസാഹചര്യങ്ങളിൽ പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസുകൾ, റീജിയണൽ 'പീഡ്' സെൽ, സംസ്ഥാന 'പീഡ്' സെൽ, ജില്ലാ ഭരണകൂടം, ത്രിതല പഞ്ചായത്തുകൾ, ആരോഗ്യകേരളം ജില്ലാ ഓഫീസുകൾ, മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ്, പത്രമാധ്യമങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പകർച്ചവ്യാധികൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഇടപെട്ട് അവ നിയന്ത്രണ വിധേയമാക്കാൻ ശ്രമിക്കുന്നു. |
| (ഇ) ഇല്ലെങ്കിൽ ഈ കർത്തവ്യം ഇപ്പോൾ ആരാണ് നിർവ്വഹിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഇ) സംസ്ഥാനതലത്തിൽ സംസ്ഥാനരോഗനിയന്ത്രണ അവലോകനകമ്മിറ്റി, സംസ്ഥാനതല ഇന്റർസെക്ടറൽ കോർഡിനേഷൻ കമ്മിറ്റി സംസ്ഥാനതലത്തിൽ ഏകോപനം നടത്തുന്നു. ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത്തലത്തിലും ഇത്തരം സമിതികൾ ഏകോപനം നടത്തുന്നു. വാർഡ്തലത്തിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. |

K.S. Sudha
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 84

24.06.2009- ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. കെ.ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സി.എം. ദിനേശ് മണി | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| **(എ)** ആഗോള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ വ്യവസായ മേഖലയെ എന്തു മാത്രം ബാധിച്ചിട്ടുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | **(എ)** പ്രസ്തുത വിഷയം പരിശോധനാ വിധേയമാക്കിയിട്ടില്ല. എന്നാൽ Centre for Development Studies നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ആഗോള സാമ്പത്തിക പ്രതിസന്ധി മൊത്തത്തിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്കിൽ 2 മുതൽ 3 ശതമാനം വരെ കുറവു വരുത്തുമെന്നു കണക്കാക്കുന്നു.<br>ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കശുവണ്ടി കയറ്റുമതിയിൽ കുറവ് വന്നിട്ടുള്ളതും വിദേശവിപണിയിൽ വിലക്കുറവ് ഉണ്ടായിട്ടുള്ളതുമാണ്. എന്നാൽ ആഭ്യന്തര വിപണിയിൽ ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നുണ്ട്. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി കശുവണ്ടി തൊഴിലാളികൾക്ക് കാര്യമായ തൊഴിൽ നഷ്ടം ഉണ്ടായിട്ടില്ല. |
| **(ബി)** ചെറുകിട വ്യവസായ മേഖലയ്ക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്; | **(ബി)** ചെറുകിട വ്യവസായ മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിലേയ്ക്കായി മാർജിൻ മണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി, വ്യവസായ നടത്തിപ്പിനാവശ്യമായ സ്ഥലവും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നൽകുക, വിപണി നടത്തിപ്പിനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക തുടങ്ങിയ സേവനങ്ങൾ ചെയ്തു കൊടുക്കുന്നു.<br><br><u>**കയർ:-**</u> കയർ മേഖലയുടെ പ്രോത്സാഹനത്തിനായി ചെറുകിട ഉല്പാദകരിൽ നിന്നും, ഉല്പാദക സംഘങ്ങളിൽ നിന്നും ഉല്പന്നങ്ങൾ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ വാങ്ങി കയറ്റുമതിക്കാർക്കു ക്രയവില സ്ഥിരതാ പദ്ധതി |

| | |
|---|---|
| | പ്രകാരം നൽകി വരുന്നു. ഇപ്രകാരം കയർ കോർപ്പറേഷൻ വഴി ഉല്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്കു റിബേറ്റ് അനുവദിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് 50% പരമാവധി 10 ലക്ഷം രൂപ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി അനുവദിച്ചു വരുന്നു. കൂടാതെ മാർജിൻ മണി വായ്പ പരമാവധി 2.50 ലക്ഷം രൂപ വരെയും നൽകിവരുന്നു. ഇതിനുപുറമേ കേന്ദ്ര സർക്കാർ റിമോട്ട് പദ്ധതിയും SFRUTI പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. CDS നടത്തിയ പഠനത്തിൽ കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ 20% വരെ കുറവുണ്ടാകുമെന്നാണ് ചൂണ്ടികാണിച്ചിരിക്കുന്നത്. മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ ഡിസ്ട്രസ്പർച്ചെയ്സ് സ്കീം വഴിയും PPSS വഴിയും ഉല്പങ്ങൾ പൊതു മേഖലാ സ്ഥാപനങ്ങളെക്കൊണ്ട് സംഭരിപ്പിക്കുന്നു.<br><br>• **<u>കൈത്തറി</u>**<br>1. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുവായ നൂൽ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു.<br>2. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു.<br>3. ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കേന്ദ്ര റിബേറ്റും സംസ്ഥാന റിബേറ്റും നൽകുന്നു.<br>4. കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നു.<br>5. ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകുന്നു.<br>6. പരമ്പരാഗത ഉല്പന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് കൈത്തറി/ ഖാദി വസ്ത്രങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ആഴ്ചയിലൊരു ദിവസം സർക്കാർ ജീവനക്കാർ കൈത്തറി/ഖാദി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശത്തിലൂടെ ഉപയോഗം വർദ്ധിച്ചു വരുന്നു.<br>7. ഓണം,കിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലകളിൽ |

| | |
|---|---|
| | കൈത്തറി പ്രദർശനങ്ങൾ, വില്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>8. കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി പ്രകാരം കയറ്റുമതി ഉല്പന്നങ്ങളുടെ വികസനത്തിനും വിപണത്തിനും ഭാരത സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാന്റ് നൽകുന്നു.<br>9. ഹാന്റക്സിനും ഹാൻവീവിനും ഓഹരി പങ്കാളിത്തം നൽകുന്നു.<br>10. കൈത്തറി നെയ്ത്തുകാർക്കു വേണ്ടി ഐ.സി.ഐ.സി.ഐ. കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.<br>11. എൽ.ഐ.സിയും കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി ഇൻഷ്വറൻസ് പദ്ധതിയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈപ്പെന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.<br>12. പ്രവർത്തനത്തിന്റെ കുറവ് കൊണ്ട് പ്രവർത്തനരഹിതമായ തറികൾ പുനരുദ്ധരിക്കാൻ ധനസഹായം നൽകിവരുന്നു.<br>13. ഉൽപന്ന വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ധന സഹായം നൽകി വരുന്നു.<br>14. നെയ്ത്തുകാരുടെ പ്രോവിഡന്റ് ഫണ്ട്, E.S.I വിഹിതം കുടിശ്ശിക തീർക്കാൻ ധന സഹായം നൽകും. |
| **(സി)** പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | **(സി)** ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>• **<u>കരകൗശലം</u>**:- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരകൗശല മേഖലയിൽ ഉന്നതതല സ്ഥാപനങ്ങൾക്ക് താഴെപ്പറയും പ്രകാരം |

തുകകൾ വിവിധ പദ്ധതികളിലൂടെ നല്കിയിട്ടുണ്ട്.

| | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|
| KADCO | 11 lakhs | 5 lakhs | 4.32 lakhs | 25 lakhs |
| HDCK | 45 lakhs | 10 lakhs | 35 lakhs | 30 lakhs |
| SURABHI | 40 lakhs | 9.35 lakhs | 20.68 lakhs | 20 lakhs |
| KSBC | 39 lakhs | 9.65 lakhs | 15 lakhs | 50 lakhs |

**കരകൗശല മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി**

| | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|
| KADCO | - | - | - | 4 lakhs |
| HDCK | 10 lakhs | 15 lakhs | 25.2 lakhs | 25 lakhs |
| SURABHI | 10 lakhs | 17.6 lakhs | 26.8 lakhs | 5 lakhs |
| KSBC | - | 13 lakhs | - | - |
| KELPALM | - | 4.4 lakhs | 18 lakhs | - |

**കരകൗശല മേഖലയിൽ വ്യവസായ സംരംഭകർക്ക് ധനസഹായ പദ്ധതിയിൽ**

| | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|
| KADCO | 12 lakhs | 4.5 lakhs | 25 lakhs | 20 lakhs |
| HDCK | 15 lakhs | 2.5 lakhs | 5 lakhs | 10 lakhs |
| SURABHI | 10 lakhs | - | - | - |
| KELPALM | 13 lakhs | 1 lakh | - | 10 |

- **കയർ:-** കയർ മേഖലയെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ചിരുന്ന കയർ കമ്മീഷന്റെ പ്രധാന ശുപാർശകൾ നടപ്പിലാക്കുന്നതിനായി 2009-10 വർഷം ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

➢ സഹകരണ മേഖല, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന ഡീഫൈബറിംഗ് മില്ലുകൾ 75% വരെ ഗ്രാന്റ് അനുവദിച്ചു വരുന്നു.

➢ തൊണ്ട് സംഭരണത്തിനായി ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ സബ്സിഡി

➢ പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണ പദ്ധതി

➢ ആലപ്പുഴയിൽ കയർ വ്യവസായത്തി നുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള പുതിയ ഫാക്ടറി

➢ കയർ തൊഴിലാളികൾക്കുള്ള കടാശ്വാസം

➢ കയർ ഉല്പന്നങ്ങളുടെ വിപണത്തിന് മാർക്കറ്റിംഗ് കൺസോർഷ്യം

➢ പിത്ത് അധിഷ്ഠിത വ്യവസായങ്ങൾക്ക് സബ്സിഡി

➢ സർക്കാർ ഓഹരി പങ്കാളിത്തം

➢ കയർ മേഖലയുമായി ബന്ധപ്പെട്ട PSU കൾ കയർഫെഡ് എന്നിവയുടെ പുനരുദ്ധാരണം

➢ കയർ ക്ഷേമനിധി ബോർഡിന് പ്രത്യേക സഹായം

➢ കൂടാതെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ ഒരു കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്.

➢ കയറിനും കയറുല്പന്നങ്ങൾക്കും ന്യായ വില ഉറപ്പുവരുത്തുന്നതിനു കർക്കശമായ നടപടികൾ അസംസ്കൃത വസ്തുവായ ചകിരിയുടെ വില വർഷം മുഴുവൻ സ്ഥിരമായി നിലനിർത്താനായി വിലസ്ഥിര താപദ്ധതി ആധുനികവൽക്കരിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനും നടപടികൾ

- **ബാംബൂ:-**ദേശീയ ബാംബൂ മിഷന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ബാംബൂ മിഷൻ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

➢ വനം, വന്യജീവി വകുപ്പ്, കേരളഗവേഷണ സ്ഥാപനം (പീച്ചി) കേരള വനം വികസന കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണ

| | |
|---|---|
| | ത്തിലുള്ള വനം വികസന ഏജൻസികൾ മുഖേന (FDA) 42 ബാംബൂ നേഴ്സറികൾ സ്ഥാപിച്ചു. ഇത് മുഖേന 21 ലക്ഷം മുള വിത്തുകൾ വികസിപ്പിച്ച് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. NGO കളുടെ സഹകരണത്തോടെ 2 ലക്ഷം മുള വിത്തുകൾ വികസിപ്പിക്കുന്നതിനായി 4 ബാംബൂ നേഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്.<br>➢ 2007 മുതൽ കോഴിക്കോട് കേന്ദ്രമാക്കി നടത്തി വരുന്ന കേരള ബാംബൂ ഫെസ്റ്റ് മേളയിൽ മുള ഉപയോഗിച്ചുള്ള കരകൗശല ഉല്പന്നങ്ങളുടെ പ്രദർശന വിപണനം നടത്താറുണ്ട്. കൂടാതെ മറ്റ് 14 സംസ്ഥാനങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ദ്ധരെ പങ്കെടുപ്പിക്കുകയും അവരുടെ ഉല്പന്നങ്ങളെ പരിചയപ്പെടുത്തി കൊടുക്കാറുമുണ്ട്.<br>➢ ഈ രംഗത്തുള്ള തൊഴിലാളികൾക്ക് തൊഴിൽ സംബന്ധമായ വിദഗ്ദ്ധ പരിശീലനം നൽകുന്നത് കൂടാതെ അവരെ ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുപ്പിക്കാറുമുണ്ട്.<br>➢ പരമ്പരാഗത തൊഴിലാളികളെയും അവരുടെ കലാവിരുതുകളെയും പ്രൊത്സാഹിപ്പിക്കുന്നതിനായി 2007 വർഷം മുതൽ ഹരിയാനയിലെ പ്രശസ്തമായ സൂരജ് കുണ്ഡ് മേളയുടെ ചുവട് പിടിച്ച് മലപ്പുറം കോട്ടക്കുന്ന് മൈതാനിയിൽ മലബാർ ക്രാഫ്റ്റ് മേള എന്നൊരു പ്രദർശന വിപണന മേള നടത്താറുണ്ട്.<br>➢ പരമ്പരാഗത രംഗത്തുള്ള തൊഴിലാളികളെയും അവരുടെ ഉല്പന്നങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കോഴിക്കോട് ബേപ്പൂർ ആസ്ഥാനമായി 2008 മുതൽ ബേപ്പൂർ മേള എന്നൊരു പ്രദർശന വിപണന മേളയും സംഘടിപ്പിക്കുന്നുണ്ട്.<br>➢ ഈ മേളകളിലൂടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഈ രംഗത്തെ വിദഗ്ദ്ധ തൊഴിലാളികൾ പങ്കെടുക്കുന്നതുമൂലം നമ്മുടെ നാട്ടിലെ തൊഴിലാളികൾക്ക് അവരുമായി ബന്ധപ്പെടുന്നതിനും തങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. |

| | |
|---|---|
| | • **കൈത്തറി**<br>1. പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയത്തുകാർക്ക് നെയ്ത്ത് നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരത്ത് കളമച്ചൽ, കൈരളി എന്നീ യാൺ ബാങ്കുകൾ ആരംഭിച്ചു.<br>2. പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം & ടെക്സ്റ്റയിൽ ടെക്നോളജിക്ക് സാമ്പത്തിക സഹായം നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേഖലാ ബ്രാന്റുകളുടെ വികസനത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3. ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങളായ കാസർഗോഡ് സാരി, ബാലരാമപുരം സാരി, ചേന്ദമംഗലം മുണ്ട്, കൂത്താം പള്ളി സാരി, കണ്ണൂർ ഫർണിഷിംഗ് എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി പ്രവർത്തനം നടന്നു വരുന്നു.<br>4. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ഐ.എച്ച്.ഡി.എസ് പദ്ധതിയിലൂടെയും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ടെക്നോളജിയും കൈത്തറി ഡയറക്ടറേറ്റും നടത്തുന്ന പദ്ധതിയിലും പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കൂടാതെ കാസർകോഡ് സാരി, ബാലരാമപുരം സാരി എന്നിവയുടെ നെയ്ത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>5. ഫാക്ടറി/മാതൃക സംഘങ്ങളിൽ തറികൾ ആധുനികവൽക്കരിക്കുന്നതിനും ഉല്പന്നവികസനം നടത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.<br>6. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് ഇനത്തിൽ 690 ലക്ഷം രൂപ 2008-09 സാമ്പത്തിക വർഷം വിതരണം നടത്തി പ്രവർത്തനം ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| | 7. ഹാൻവീവിന്റെയും ഹാന്റക്സിന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 500 ലക്ഷം രൂപ ധനസഹായമായി കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 800 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 528.37 ലക്ഷം രൂപ 31.05.2009 വരെ ചെലവഴിച്ചു കഴിഞ്ഞു.;<br>8. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 32 ക്ലസ്റ്ററുകളുടെ അപേക്ഷ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. ഇതിന്റെ പ്രയോജനം എകദേശം 10,000 നെയ്ത്തുകാർക്ക് ലഭിക്കും. 14 കോടി രൂപയുടെ ഈ പദ്ധതി പ്രകാരം തന്നെ 10ന് മുകളിൽ നെയ്ത്തുകാർ ഉൾപ്പെടുന്ന 192 ഗ്രൂപ്പുകൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി അപേക്ഷ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 21 ഗ്രൂപ്പുകൾക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ട്.<br>• **<u>കശുവണ്ടി</u>**<br>കശുവണ്ടി മേഖലയിലുള്ള കാപ്പക്സിന് സർക്കാർ 2007-08- ൽ 7.33 കോടി രൂപ ഫാക്ടറികളുടെ മോഡേണൈസേഷനുവേണ്ടി നൽകുകയും ഈ തുക കൊണ്ട് കാപ്പെക്സിന്റെ രണ്ടു ഫാക്ടറികൾ പൂർണ്ണമായും പൊളിച്ചു നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പത്തു ഫാക്ടറികളിലായി 13 ഇലക്ട്രിക് ബോർമകൾ സ്ഥാപിക്കുകയും ഒരു ഫ്ളെസ്കിപാക്കിംഗ് മെഷീൻ സ്ഥാപിക്കുകയും ആധുനിക സൗകര്യത്തോടു കൂടി ഒരു ഫ്ളെസ്കിപാക്കിംഗ് മെഷീന് ഓർഡർ കൊടുക്കുകയും, ഏകദേശം 10000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള ഒരു മോഡേൺ ഫ്ളെസ്കിപാക്കിംഗ് സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. തുടർച്ചയായി 10 ഫാക്ടറികളിലും തൊഴിൽ നൽകാൻ സാധിക്കുകയും കാപ്പക്സിന്റെ ചരിത്രത്തിൽ ആദ്യമായി 2008-ൽ 210 ദിവസം തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. മാത്രമല്ല 2500 ഓളം ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് വിഭാഗങ്ങളിലേയ്ക്കായി തൊഴിലാളികളെ പുതിയതായി റിക്രൂട്ട് ചെയ്ത് ജോലി നൽകുയും ചെയ്തു. അതുവഴി പാരിറ്റി ക്ളിയർ ചെയ്യുകയും 35 എം.ടി പ്രതിദിനം ഉല്പാദനശേഷിയിൽ നിന്നും |

| | |
|---|---|
| | 54 എം.ടി ആയി ഉയർത്തുവാനും കഴിഞ്ഞു;<br>പൊതുമേഖലയിലുള്ള കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്ക് ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ 3-ാമത്തെ ഇൻസ്റ്റാൾമെന്റായി 22.32 കോടി രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കോർപ്പറേഷൻ തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുന്നതിനും കോർപ്പറേഷന്റെ പ്രവർത്തനമൂലധനമായി 11 കോടി രൂപ ബഡ്ജറ്റ് വകയിരുത്തുകയും ചെയ്യുക വഴി കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. 2007-08 സാമ്പത്തിക വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ കശുവണ്ടി കോർപ്പറേഷന് തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. 2007-08 സാമ്പത്തിക വർഷം വകയിരുത്തിയ തുകയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപ പാക്കിംഗ് മെഷീനറി സ്ഥാപിക്കാൻ കോർപ്പറേഷന് അനുവദിച്ചു നല്കി. കോർപ്പറേഷൻ ഫാക്ടറികളിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 2.5 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. 2008-09 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 5 കോടി രൂപയും ഫാക്ടറി കളുടെ നവീകരണത്തിനും മറ്റുമായി 12.67 കോടി രൂപയും കോർപ്പറേഷന് അനുവദിക്കുകയുണ്ടായി. കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ 6,000 തൊഴിലാളികളെ പുതുതായി നിയമിക്കുകയും തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകി വരികയുമാണ്. കൂടാതെ കോർപ്പറേഷന്റെ വിവിധ ഫാക്ടറി കോമ്പൗണ്ടിലും മറ്റുമായി ഏകദേശം 50 ഏക്കർ സ്ഥലത്ത് സ്വന്തമായി കശുമാവ് കൃഷി ചെയ്തു വരുന്നു.<br>2009-10 സാമ്പത്തിക വർഷം KSCDC -ക്കും കാപ്പെക്സിനും നവീകരണത്തിനും മറ്റുമായി 43 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. KSCDC-യിൽ നിന്നും കാപ്പെക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റ്യൂവിറ്റി കുടിശ്ശിക നൽകുന്നതിന് 10 കോടി രൂപ നൽകിയിട്ടുണ്ട്. (KSCDC-8, കാപ്പെക്സ് -2) കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിനായി 3 കോടി രൂപ KSACC- ക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ KSACC കശുമാവ് കൃഷിയുടെ വ്യാപനത്തിനായി 58 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആദ്യ ഗഡുവായി 28 കോടി |

| | |
|---|---|
| | രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കേരളത്തിലെ 12 ജില്ലകളിലും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br><br>• <u>ഖാദി</u><br>സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി സംസ്ഥാനത്തുടനീളം ഗ്രാമ വ്യവസായത്തെ പ്രോത്സാഹിപ്പിച്ച് അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതി (ഫ്ളാഗ്ഷിപ്പ്) നടപ്പിലാക്കിവരുന്നു.<br>പ്രവർത്തനം മന്ദീഭവിച്ച ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ ത്തിനായി പരമാവധി രണ്ടു ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് ഗ്രാന്റായി നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| **(ഡി)** സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | **(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ സ്പിന്നിംഗ് മില്ലുകളെ നവീകരിക്കുന്നതിനുവേണ്ട ശുപാർശകൾ നൽ കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാന മാക്കി നവീകരണ പദ്ധതികൾക്കുള്ള പ്രോജക്ടു കൾ തയ്യാറാക്കി എൻ.സി.ഡി.സി.യ്ക്ക് നൽകുന്ന തിനുള്ള നടപടികൾ സ്വീകരിക്കുകയും ഇതിനെത്തുടർന്ന് കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിന് എൻ.സി.ഡി.സി. വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്ളാന്റ്, മെഷീനറി എന്നിവയുടെ എൻ.സി.ഡി.സി സഹായത്തോടെയുള്ള നവീകരണ പദ്ധതിയ് ക്കായി 2009-10 ബഡ്ജറ്റിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 85

24.06.2009 ൽ മറുപടിയ്ക്ക്

## അണക്കെട്ടുകളിൽ നിന്നും മണൽ ശേഖരിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.എം.ഹംസ :<br>ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.എം.ചന്ദ്രൻ : | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) അണക്കെട്ടുകളിൽ നിന്നും മണൽ ശേഖരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) ജലസംഭരണികളിൽ എക്കൽ അടിയുന്നതുമായി ബന്ധപ്പെട്ട് മലമ്പുഴ, മംഗലം, കാഞ്ഞിരപ്പുഴ, പീച്ചി, എന്നീ ജലസംഭരണികളിൽ ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സിസ്റ്റം പ്രകാരം കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി നടത്തിയ പഠനം പൂർത്തിയായിട്ടുണ്ട്. ടി ഡാമുകളിൽ നാളിതുവരെ യഥാക്രമം 31, 5.19, 10.57, 14.022 mm3 എക്കൽ അടിഞ്ഞിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. |
| ബി) മണൽ ശേഖരിക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയ സാങ്കേതിക സമിതിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ ;<br><br>സി) മണൽ നീക്കം ചെയ്യുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഏതെല്ലാം ഡാമുകളിലെ മണലാണ് ഇപ്പോൾ നീക്കം ചെയ്യുന്നത് ;<br><br>ഡി) മൊത്തം എത്രകോടി രൂപയുടെ മണൽ ഡാമുകളിൽ നിന്നും നീക്കം ചെയ്യാമെന്നാണ് കണ്ടെത്തിയിട്ടുള്ളത് ? | ബി) സി) & ഡി) ജലസംഭരണികളിൽ നിന്നും എക്കൽ നീക്കുന്നത് ഒരു പൊതുനയമായി സ്വീകരിച്ച് ഇതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക സാങ്കേതിക സാമൂഹ്യ പഠനം നടത്തുവാൻ ഒരു 7 അംഗകമ്മിറ്റിയും പിന്നീട് ഇത് 12 അംഗകമ്മിറ്റിയായും രൂപീകരിക്കുകയും (ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും, ഡയറക്ടർ സെന്റർ ഫോർ വാട്ടർ റിസ്സോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് കൺവീനറായും) 20.6.09-ലെ ജി.ഒ.(ആർറ്റി) നം.7310/09/ജവിവ. ഉത്തരവ് പ്രകാരം പുനർക്രമീകരിക്കുകയും ചെയ്തു. മലമ്പുഴ ജലസംഭരണിയെ പൈലറ്റ് പദ്ധതിയായി തെരഞ്ഞെടുക്കുകയും പ്രസ്തുത കമ്മിറ്റിയുടെ വിദഗ്ധ പരിശോധനയ്ക്ക് ശേഷം എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും ചെയ്തുകഴിഞ്ഞു. മലമ്പുഴയിൽ നിന്നും എക്കൽനീക്കുന്നതുമായി ബന്ധപ്പെട്ട എൻവയൺമെന്റ് മാനേജ്മെന്റ് പ്ളാൻ. CESS (Centre for Earth Science Studies), KFRI(Kerala Forest Research Institute) CWRDM എന്നീ സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി തയ്യാറാക്കിവരുന്നു. മലമ്പുഴ ഡാമിൽ നിന്നും മണലും, ചെളിയും നീക്കം ചെയ്യുമ്പോൾ ഏകദേശം 400 കോടി രൂപ ലഭ്യമാക്കാമെന്ന ഉദ്ദേശത്തോടുകൂടിയാണ് രാജ്യത്തെതന്നെ നൂതന സംരംഭം ആരംഭിച്ചിരിക്കുന്നത്. |

Mary Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86 — 24-6-2009 ൽ മറുപടിക്ക്

## വിദ്യാലയ ആരോഗ്യ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി .കെ. കെ. ശൈലജ ടീച്ചർ :<br>ശ്രീമതി. പി. അയിഷ പോറ്റി :<br>ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച വിദ്യാലയ ആരോഗ്യ പരിപാടിയുടെ വിശദാംശം വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തൊട്ടാകെ 985 ഗവൺമെന്റ് /എയ്ഡഡ് വിദ്യാലയങ്ങളിൽ വിദ്യാലയ ആരോഗ്യ പരിപാടി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. പത്തുലക്ഷത്തോളം വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭ്യമാകുന്നതാണ്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെയും (-2 മുതൽ +2) പരിശോധിച്ച് അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യ വിശദാംശങ്ങൾ രേഖപ്പെടുത്തി സമഗ്രമായ ഒരു ഹെൽത്ത് റെക്കോർഡാക്കി (TC and Health Record) സ്ക്കൂളുകളിൽ സൂക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമായ കുട്ടികൾക്ക് വിവിധ ആരോഗ്യ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുകയും ചെയ്യുകയാണ് വിദ്യാലയ ആരോഗ്യ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) എത്ര സ്ക്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പരിപാടി നടപ്പാക്കുന്നത് ; | ബി) 985 സ്ക്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പരിപാടി നടപ്പാക്കുന്നത് . |
| സി) പരിപാടിയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് കുട്ടികൾക്ക് ലഭിക്കുന്നത് ; | സി) ശാരീരിക പരിശോധന, റഫറൽ സർവ്വീസ്, മാനസിക പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്, ആരോഗ്യ വിദ്യാഭ്യാസം, അദ്ധ്യാപകരും രക്ഷിതാക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്തൽ, സ്ക്കൂൾ റ്റി.സി. ആന്റ് ഹെൽത്ത് റിക്കാർഡ് വിതരണം ചെയ്യുക എന്നിവ വഴി വിദ്യാർത്ഥികളുടെ സമഗ്ര ഡാറ്റാബേയ്സ് രൂപപ്പെടുത്തുക തുടങ്ങിയ സേവനങ്ങളാണ് കുട്ടികൾക്ക് ലഭിക്കുന്നത്. |

ഡി) കുട്ടികളുടെ ആരോഗ്യ പരിശോധനയോടൊപ്പം കുട്ടികൾക്കുണ്ടാകുന്ന ശാരീരകവും മാനസികവുമായ മറ്റ് പ്രശ്നങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഡി) കുട്ടികളെ പരിശോധിച്ച് ചികിത്സ ആവശ്യമുള്ള കുട്ടികൾക്ക് അത് പരിഹരിക്കുന്നതിനും വിദഗ്ധ ചികിത്സക്കായി റഫറൽ (പ്രാഥികാരോഗ്യ കേന്ദ്രം/ സാമൂഹ്യാരോഗ്യ കേന്ദ്രം/ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ) സൗകര്യം ഏർപ്പെടുത്തുവാനുമുള്ള നടപടിക്രമങ്ങൾ കൈക്കൊണ്ടു വരികയാണ്.

ഇ) കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

ഇ) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്കും വർഷത്തിലൊരിക്കൽ ഒരു സ്ക്രീനിംഗ് ക്യാമ്പ് നടപ്പാക്കുന്നതിനും വിദഗ്ധ പരിശോധന വേണ്ടി വരുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

എഫ്) ആരോഗ്യ പരിപാടി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

എഫ്) വിദ്യാലയ ആരോഗ്യ പരിപാടി അടുത്തഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശമുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *87 — 24-06-2009-ൽ മറുപടിക്ക്

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന്
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>" എം. പ്രകാശൻ മാസ്റ്റർ :<br>" പി. കൃഷ്ണപ്രസാദ് :<br>" എ.സി. മൊയ്തീൻ :<br>" രാജു എബ്രഹാം : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ്മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിന് ആവിഷ്ക്കരിച്ച പദ്ധതികൾ വിജയകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br><br>NTPC-യുമായുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി ടെൽക്ക്-ന്റെ വിറ്റുവരവിലും ലാഭത്തിലും വൻ പുരോഗതി ഉണ്ടായിട്ടുണ്ട്. 2005-06 കാലയളവിൽ കമ്പനിയുടെ വിറ്റുവരവും ലാഭവും യഥാക്രമം 12,186 ലക്ഷവും 174 ലക്ഷവുമായിരുന്നത് 2008-09-ൽ 23,402 ലക്ഷവും 3378 ലക്ഷവുമായി വർദ്ധിച്ചിട്ടുണ്ട്.<br>കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതു വഴി 2008 - 09 സാമ്പത്തിക വർഷം DRDO, 50 കോടി രൂപയുടെയും ISRO, 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതു വഴി കമ്പനിയുടെ turnover-ൽ 60% വർദ്ധനവുണ്ടായിട്ടുണ്ട് .<br>കോഴിക്കോട് ജില്ലയിലെ മിനി സ്റ്റീൽ പ്ലാന്റ് യൂണിറ്റായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും കേന്ദ്രപൊതുമേഖലയിലെ നവരത്ന കമ്പനികളിലൊന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്തസംരംഭ കരാർ 10-12-2008-ലും Kerala Rail Components Ltd എന്ന കമ്പനിയ്ക്കുവേണ്ടിയുള്ള ജോയിന്റ് വെഞ്ചർ കരാർ കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായി 27-02-2009-ലും ഒപ്പുവെച്ചു. ഇവ നടപ്പിലാക്കുന്നതിനു വേണ്ട മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇവ നടപ്പിൽ വരുന്നതോടുകൂടി കേന്ദ്ര നിക്ഷേപം വർദ്ധിക്കുമെന്നും തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |
| (ബി) ചേർത്തല ഓട്ടോ കാസ്റ്റ് റെയിൽവെയുമായി ചേർന്ന് ആരംഭിക്കുന്ന ബോഗി നിർമ്മാണ | (ബി) ഓട്ടോ കാസ്റ്റ് ലിമിറ്റഡും ഇൻഡ്യൻ റയിൽവേയുമായുള്ള സംയുക്ത സംരംഭമായ കേരളാ റെയിൽ കംപോണന്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്കുവേണ്ടിയുള്ള ജോയിൻറ് |

| | |
|---|---|
| യൂണിറ്റിൻെറ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | വെഞ്ചർ കരാർ 27-02-2009 -ൽ കേരള സർക്കാരും കേന്ദ്ര റയിൽവേ മന്ത്രാലായവുമായി ഒപ്പു വച്ചു. കരാർ അനുസരിച്ച് Autokast Limited, Steel Fabrication Unit എന്നിവയെ SILK- ൽ നിന്നും വേർപ്പെടുത്തുകയും Autokast Limited ലെ സിൽക്കിൻെറ ഷെയറുകൾ സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കരാർ അനുസരിച്ച് കമ്പനികളുടെ ബാദ്ധ്യതകൾ തീർപ്പാക്കി വരുന്നു. **Holding on operations** -നായി 70 ലക്ഷം രൂപ സർക്കാർ ഈ വർഷം അനുവദിച്ചിട്ടുണ്ട്. |
| (സി) ഇപ്പോൾ ഏതെല്ലാം കമ്പനികളാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടാൻ ചർച്ച നടത്തുന്നത് ; ചർച്ചയിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) KEL - ൻെറ Kasaragod യൂണിറ്റും BHEL- ൻെറ Bhopal - യൂണിറ്റും ചേർന്ന് സംയുക്ത സംരംഭത്തിന് ധാരണാപത്രം 03-02-2009-ൽ ഒപ്പു വച്ചു. കാസർഗോഡ് യൂണിറ്റിൻെറ പ്രവർത്തനം വിലയിരുത്തുന്നതിന് കെൽ പ്രതിനിധി ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനായി BHEL- അധികൃതർ നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88

24-6-2009 ൽ മറുപടിക്ക്

## ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക :<br>ശ്രീ. സി. കെ. പി. പത്മനാഭൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. എം. എം. മോനായി : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യ പദ്ധതി പ്രകാരം സംസ്ഥാനത്തു നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം പ്രകാരം സംസ്ഥാനത്തു നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്.<br>മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ഹെൽത്ത് മിഷൻ ഒരു പ്രാവശ്യം സമ്മേളിച്ച് കേരളത്തിലെ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യ പദ്ധതി അവലോകനം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പു മന്ത്രി അദ്ധ്യക്ഷയായിട്ടുള്ള ഗവേണിംഗ് ബോഡി ഇതുവരെ 4 പ്രാവശ്യം സമ്മേളിച്ച് (30-8-2006, 12-6-2007, 3-3-2008, 3-9-2008) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ഇതുവരെ 5 പ്രാവശ്യം സമ്മേളിച്ച് (11-6-2006, 15-12-2006, 11-06-2007, 03-03-2008, 25-08-2008) ഇതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, 14 ജില്ലാ പ്രോഗ്രാം മാനേജർമാരുമായി നിരന്തരം പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ സൊസൈറ്റി പദ്ധതികളും അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ കൂടുന്ന സീനിയർ ഓഫീസേഴ്സ് കോൺഫറൻസിൽ, എൻ.ആർ.എച്ച്.എം. ഉൾപ്പെടെയുള്ള ആരോഗ്യ പദ്ധതികൾ മാസന്തോറും വിശദമായി അവലോകനം ചെയ്യാറുണ്ട്. ഇതുകൂടാതെ ജില്ലാതല മെഡിക്കൽ ഓഫീസർ മാസന്തോറും നടത്തുന്ന അവലോകനയോഗത്തിൽ ജില്ലയിൽ നടക്കുന്ന എൻ.ആർ.എച്ച്.എം. ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ പദ്ധതികളും അവലോകനം ചെയ്തുവരുന്നു. ബ്ലോക്കു തലത്തിലും പ്രഥമികാരോഗ്യ കേന്ദ്രത്തിലും മാസന്തോറും നടക്കുന്ന ആരോഗ്യ അവലോകന യോഗത്തിൽ ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും നടപ്പാക്കുന്ന എൻആർ.എച്ച്.എം. പദ്ധതികൾ അവലോകനം ചെയ്തു വരുന്നു. |
| ബി) പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഈ വർഷം ഇതിനായി എത്ര കോടി രൂപ ചെലവാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട് ; | ബി)ദേശീയ ഗ്രാമീണാരോഗ്യ ദൗത്യത്തിൽ ഉൾപ്പെടുത്തി ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നു. പ്രജനന ശൈശവ ആരോഗ്യ പദ്ധതി, പൾസ് പോളിയോ, ദേശീയ കൊതുകുജന്യ രോഗ നിവാരണ പരിപാടി, ദേശീയ ടി.ബി. നിവാരണ പരിപാടി, ദേശീയ അന്ധതാ നിവാരണ പരിപാടി, ദേശീയ അയഡിൻ ഡെഫിഷ്യൻസി പരിപാടി, സംയോജിത രോഗ നിയന്ത്രണ പരിപാടി, ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി, ആരോഗ്യ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികളും ആധുനികവൽക്കരണവും തുടങ്ങിയവ.<br><br>2009-10 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി അംഗീകരിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു. |

...2

| | പദ്ധതി | അംഗീകരിച്ച തുക (കോടിയിൽ) |
|---|---|---|
| 1. | പ്രജനന ശൈശവ ആരോഗ്യ പദ്ധതി (പ്രതിരോധകുത്തിവയ്പ് ഉൾപ്പെടെ) | 95.57 |
| 2. | ദേശീയ ഗ്രാമീണാരോഗ്യ ദൗത്യ പദ്ധതി- ഫ്ളക്സിബിൾ പൂൾ | 198.17 |
| 3. | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ | 3.83 |
| 4. | ദേശീയ കൊതുകുജന്യ രോഗ നിവാരണ പരിപാടി | 3.32 |
| 5. | ദേശീയ ടി.ബി. നിവാരണ പരിപാടി | 7.64 |
| 6. | ദേശീയ അന്ധതാ നിവാരണ പരിപാടി | 4.00 |
| 7. | ദേശീയ അയഡിൻ ഡെഫിഷ്യൻസി പരിപാടി | 0.20 |
| 8. | സംയോജിത രോഗ നിയന്ത്രണ പരിപാടി | 1.23 |
| 9. | ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി | 1.10 |
| | ആകെ | 315.06 |

സി) പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് വ്യക്തമാക്കുമോ ;

സി) ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെ ഗവേണിം കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ ചെയർമാൻെറ അധ്യക്ഷതയിൽ കൂടുന്ന ഗവേണിംഗ് കമ്മിറ്റി ജില്ലയിലെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിൻെറ പ്രവർത്തനങ്ങ അവലോകനം ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയു ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും വാർഡുത ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്ന വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധിയായിരിക്കു പ്രസ്തുത കമ്മിറ്റിയുടെ ചെയർപേഴ്സൺ. എൻ. ആർ.എച്ച്.എ മുഖേന ആശുപത്രി മാനേജിംഗ് കമ്മിറ്റികൾക്ക് നൽകുന്ന ഫ വിനിയോഗിക്കുവാനുള്ള അധികാരവും തദ്ദേശ സ്വയംഭര സ്ഥാപനങ്ങൾക്കാണ്.

ഡി) വയോജന ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഡി) ദേശീയ സർക്കാരിൻെറ നയമനുസരിച്ച് വയോജന ആരോ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൻെ ഭാഗമായി കൊല്ലം ജില്ലയിലെ വെളിനല്ലൂർ ബ്ലോക്ക് പഞ്ചായത്തിൽ ആയുരാരോഗ്യം 'എന്ന പൈലറ്റ് പ്രോജക്ട് 2008-09 കാലയളവി ആരംഭിച്ചു. ഇതിൻെറ ഭാഗമായി ആരോഗ്യ സർവ്വേകളും 'ആ മാർക്ക് ട്രെയിനിംഗും വീടുകളിലെ സന്ദർശനവു സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ പ്രത്യേക വയോജന ക്ലിനിക്കുകള പ്രത്യേക വാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പ സൗജന്യമായി വീൽ ചെയറുകളും വാക്കിംഗ് സ്റ്റിക്കുകളും നൽകുകയു നിർധനരായ വൃദ്ധജനങ്ങൾക്ക് സൗജന്യമായി മരുന്ന് വിതരണ നടത്തുകയും ചെയ്യുന്നു. പൈലറ്റ് പ്രോജക്ട് വിജയകരമായ കണ്ടതിനാൽ ഈ പ്രൊപ്പോസൽ 2009-10 പ്രോജക്ട് ഇംപ്ലിമെന്റേഷ പ്ലാനിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ മുഴുവനും നടപ്പിലാക്കാനുള പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.89 | 24-06-2009 ൽ മറുപടിയ്ക്ക് |
|---|---|

## കേരള എമർജൻസി മെഡിക്കൽ സർവീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ:<br>ശ്രീ. എം.ജെ. ജേക്കബ് :<br>ശ്രീ ബി.ഡി. ദേവസ്സി :<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പ് ആരംഭിക്കുന്ന കേരള എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | പൈലറ്റ് പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലാണ് കേരള എമർജൻസി മെഡിക്കൽ സർവീസ് പദ്ധതിനടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ആംബുലൻസുകളും, മെഡിക്കൽ ഉപകരണങ്ങളും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം വഴിയാണ് വാങ്ങുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന Call Centre ഈ പദ്ധതിയുടെ പ്രത്യേകതയാണ്. Call Centre ലേക്ക് സേവനം ആവശ്യപ്പെട്ടാൽ 10 മിനിറ്റിനകം അത്യാഹിത സേവനം ആവശ്യമുള്ള സ്ഥലത്തേക്ക് ആംബുലൻസും, trained Technician ഉം എത്തി പ്രാഥമിക ശുശ്രൂഷകൾക്ക് ശേഷം രോഗിയെ ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിക്കുന്നു. പ്രാരംഭമായി Call Centre തുടങ്ങിയ സൗകര്യങ്ങൾക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര ആംബുലൻസുകൾ വീതമാണ് സജ്ജീകരിക്കുന്നത്; ആംബുലൻസിൽ എന്തെല്ലാം സൗകര്യമാണ് ലഭ്യമാക്കിയിരിക്കുന്നത്; | (ബി) | പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ 25 ALSആംബുലൻസുകൾ (Advanced Life Saving Ambulances) സജ്ജമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. സോളാർ ബാറ്ററി ചാർജ്ജറും GPRS, GIS സംവിധാനങ്ങളോടുകൂടിയ പൂർണമായും എയർ കണ്ടീഷൻ ചെയ്ത ആംബുലൻസുകളിൽ Fire extinguisher ഉൾപ്പെടെയുള്ള Rescue tools ഉം അത്യാവശ്യമരുന്നുകളും സജ്ജമാക്കിയിരിക്കും. കൂടാതെ Auto loading stretcher, Scoop stretcher, Spine board, Splint, Surgical color, Spiral brace, Multi parameter Monitor, Defibrillator, Mechanical Ventilator, Fetal monitor, Oxygen cylinders, foldable wheel/stair chair തുടങ്ങിയ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | എമർജൻസി മെഡിക്കൽ സർവ്വീസ് പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർവഹണത്തിനുശേഷം മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കാനാകുമെന്ന് കരുതുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലെയും എമർജൻസി വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 90 | 24-06-2009 ൽ മറുപടിക്ക്

സംസ്ഥാനത്തെ റെയിൽവേ വികസനം

ചോദ്യം:
പ്രൊഫ: സി. രവീന്ദ്രനാഥ് :
ശ്രീ.സി.കെ.പി.പത്മനാഭൻ :
ശ്രീ.ബി.രാഘവൻ :
ശ്രീ.വി.ശിവൻകുട്ടി :
ശ്രീ.എ.എം.യൂസഫ് :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് 2009-2010 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ മുൻ കേന്ദ്ര സർക്കാരിനു നൽകിയ നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(എ). സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് 2009-2010-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ മുൻകേന്ദ്രസർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധം I-ആയി ചേർക്കുന്നു.

(ബി). പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വികസന പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ;

(ബി). വികസന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി). പുതിയ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന്റെ ആവശ്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി). പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളാണ് റയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി).യും (ഡി).യും
സംസ്ഥാനത്തിന്റെ റയിൽവെ വികസനം സംബന്ധിച്ച ആവശ്യങ്ങൾ എം.പി-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാപ്രകാരം തയ്യാറാക്കുകയുണ്ടായി. അപ്രകാരം തയ്യാറാക്കിയ മെമ്മോറാണ്ടം കേരളത്തിലെ റെയിൽവെയുടെ ചുമതലയുള്ള ബഹു: നിയമവും പാർലമെന്ററികാര്യവകുപ്പുമന്ത്രി കേന്ദ്ര റെയിൽവെ സഹമന്ത്രിയെ നേരിൽക്കണ്ട് നൽകുകയുണ്ടായി. പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(ഇ). റെയിൽവെ മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ).സ്വീകരിക്കുന്നതാണ്.

അനുബന്ധങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ് -

സെക്ഷൻ ഓഫീസർ.